2024 DECEMBER
09
MONDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY

e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

## ഡിജി ഡോർ പിൻ; അനധികൃത കെട്ടിടങ്ങൾക്ക് പിടിവീഴും

**തിരുവനന്തപുരം:** കെട്ടിടങ്ങൾക്ക് ഡിജിറ്റൽ നമ്പർ നൽകുന്ന ഡിജി ഡോർ പിൻ വരുമ്പോൾ അനധികൃത കെട്ടിടങ്ങൾക്കെല്ലാം പിടിവീഴും. കെട്ടിടം ഉടമയുടെ വിവരങ്ങളും കെട്ടിടത്തിന്റെ ലൊക്കേഷനും ഉൾപ്പെടുത്തി ഡിജിറ്റൽ നമ്പർ നൽകുന്ന സംവിധാനമാണ് ഡിജി ഡോർ പിൻ. ഇത് സ്ഥിരം നമ്പറായിരിക്കും.

വീടുകൾ ഉൾപ്പെടെ സംസ്ഥാനത്ത് ഒരുലക്ഷത്തോളം അനധികൃത കെട്ടിടങ്ങൾ ഉണ്ടാകുമെന്നാണ് അനൗദ്യോഗിക കണക്ക്. ഡിജി ഡോർ പിൻനമ്പറിടാൻ ഓരോവീടും ജിയോടാഗ് ചെയ്യുമ്പോൾ അനധികൃതകെട്ടിടങ്ങളെ കണ്ടെത്തും. ഇവ നിയമപരമാക്കുന്നതോടെ നികുതിയിനത്തിൽ വൻതുക തദ്ദേശ വകുപ്പിന് കിട്ടും, കേരളത്തിലെ ആകെ കെട്ടിടങ്ങളുടെ കൃത്ത്യ എണ്ണവും കണ്ടെത്താനാകും.



സംസ്ഥാനത്താകെ 1.56 കോടി അംഗീകൃത കെട്ടിടങ്ങളാണുള്ളത്. വീടുകളും ഫ്ളാറ്റുകളും ഉൾപ്പെടെയാണിത്. ഇവയ്ക്കെല്ലാം പുതിയ നമ്പർ നൽകും. ഫ്ലാറ്റുകളിൽ നമ്പറിടുമ്പോൾ ഓരോതാമസക്കാരനെയും ഓരോ ഉടമയായി കണക്കാക്കുമെന്നതിനാൽ ആകെ കെട്ടിടങ്ങൾ 1.56 കോടിയിൽനിന്ന് വീണ്ടുംകൂടും.

സർക്കാർ കണക്കുകൾ പ്രകാരം കേരളത്തിലെ ആകെ അംഗീകൃത കെട്ടിടങ്ങൾ 1.56 കോടി. നഗരങ്ങളിൽ: ആകെ 45.82 ലക്ഷം, വാസസ്ഥലങ്ങൾ 32.76 ലക്ഷം, മറ്റുള്ളവ 13.06 ലക്ഷം. ഗ്രാമങ്ങളിൽ: ആകെ 1.10 കോടി, വാസസ്ഥലങ്ങൾ 86.85 ലക്ഷം, മറ്റുള്ളവ 23.56 ലക്ഷം.

## വിമാന സർവീസ് വർധിപ്പിച്ചില്ലെങ്കിൽ യാത്രാ നിരക്ക് ഇനിയും ഉയരും: യുഎഇ സ്ഥാനപതി

**ദുബായ്:** ഇന്ത്യയുഎഇ സെക്ടറിൽ വർധിച്ചുവരുന്ന ഡിമാൻഡ് കണക്കിലെടുത്ത് ഇരു രാജ്യങ്ങൾക്കുമിടയിൽ സർവീസ് നടത്തുന്ന വിമാനങ്ങളുടെ എണ്ണം കൂട്ടണമെന്ന് യുഎഇയുടെ ഇന്ത്യയിലെ അംബാസഡർ ഡോ. അബ്ദുന്നാസർ അൽ ശആലി ആവശ്യപ്പെട്ടു.

സർവീസുകളുടെ എണ്ണം വർധിച്ചില്ലെങ്കിൽ യാത്രാ നിരക്ക് ഇനിയും ഉയരുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. പ്രമുഖ ദേശീയ മാധ്യമത്തിന് നൽകിയ അഭിമുഖത്തിലാണ് അദ്ദേഹം ഇക്കാര്യം പറഞ്ഞത്.

മികച്ച ഗതാഗത സംവിധാനം ഉറപ്പുവരുത്തി ഉഭയ കക്ഷി ബന്ധങ്ങൾ മെച്ചപ്പെടുത്തേണ്ടതിൻറെ ആവശ്യകതയും ഇന്ത്യയിലെ വിവിധ മേഖലകളിലേക്ക് നേരിട്ടുള്ള സർവീസുകൾ തുടങ്ങേണ്ടതിൻറെ പ്രാധാന്യവും അംബാസഡർ എടുത്തു പറഞ്ഞു.

ഇരു രാജ്യങ്ങൾക്കുമിടയിൽ വിമാന സർവിസുകൾ വർധിപ്പിക്കാനും കൂടുതൽ ടയർ 2 ഇന്ത്യൻ നഗരങ്ങളെ യുഎഇയുമായി ബന്ധിപ്പിക്കാനുമുള്ള നിർദേശം താൻ മുന്നോട്ടു വെച്ചതായി അദ്ദേഹം വെളിപ്പെടുത്തി. അത് വിനോദ സഞ്ചാരത്തെ ഉത്തേജിപ്പിക്കുകയും തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ബിസിനസ്സ് അവസരങ്ങൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യുമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. ഇത്തരം നടപടി നിക്ഷേപകർക്കും വിദ്യാർത്ഥികൾക്കും ബിസിനസുകാർക്കും യാത്ര സുഗമമാക്കുമെന്നും അംബാസഡർ ചൂണ്ടിക്കാട്ടി.

ഉഭയ കക്ഷി വ്യാപാരം ഗണ്യമായി ഉയർത്തിയ 'സെപ' യുടെ വിജയം അൽ ശആലി എടുത്തു പറഞ്ഞു. ഇന്ത്യയും യുഎഇയും തമ്മിലുള്ള ഉഭയ കക്ഷി വ്യാപാരം 80 ബില്യൺ ഡോളർ കടന്നു. വ്യാപാരത്തിൽ 15 ശതമാനത്തിലധികം വർധനയുണ്ടായി എന്നും അദ്ദേഹം പറഞ്ഞു.

## സിറിയയിൽ ഇസ്രയേൽ വ്യോമാക്രമണം; ആയുധ സംഭരണ കേന്ദ്രങ്ങൾ ബോംബിട്ട് തകർത്തു

**ഡമാസ്കസ്:** വിമതസേന പിടിച്ചെടുത്ത സിറിയയിൽ വ്യോമാക്രമണം നടത്തി ഇസ്രയേൽ. ആയുധശേഖരം ഭീകരരുടെ കയ്യിൽ എത്തുന്നത് തടയുന്നതിനായിരുന്നു വ്യോമാക്രമണം. ആയുധ സംഭരണ കേന്ദ്രങ്ങൾ ബോംബിട്ട് തകർത്തു.

സുവൈദയിലെ ഖൽഖലാഹ വ്യോമതാവളത്തിലെ ആയുധശേഖരങ്ങൾ, ദാരാ ഗവർണറേറ്റിലെ സൈനികകേന്ദ്രങ്ങൾ, ഡമാസ്കസിലെ മെസ്സെ വ്യോമതാവളം എന്നിവിടങ്ങളിലാണ് ആക്രമണമുണ്ടായതെന്ന് സിറിയയിൽ നിന്നുള്ള റിപ്പോർട്ടുകൾ പറയുന്നു.

ഞായറാഴ്ച ഉച്ചകഴിഞ്ഞ് മെസ്സെ വ്യോമതാവളത്തിലും ഡമാസ്കസിലെ സയന്റിഫിക് സ്റ്റഡീസ് ആൻഡ് റിസർച്ച് സെന്ററിന്റെ ശാഖയിലും ഇന്റലിജൻസ്, കസ്റ്റംസ് ആസ്ഥാനങ്ങൾ ഉൾപ്പെടുന്ന തലസ്ഥാനത്തെ സെൻട്രൽ സ്ക്വയറിലും ആക്രമണമുണ്ടായതായി റിപ്പോർട്ടുകൾ ഉണ്ടായിരുന്നു.

അസദ് ഭരണകൂടത്തിന്റെ പതനത്തെ തുടർന്ന് സിറിയയിലെ ആയുധശേഖരങ്ങൾ തങ്ങൾ നിരീക്ഷിച്ചുവരികയാണെന്നും ഹിസ്ബുല്ലയ്ക്കോ ഇസ്രയേലിന് ഭീഷണിയാകുന്ന മറ്റേതെങ്കിലും ഘടകങ്ങൾക്കോ അവ ലഭിക്കുന്നത് തടയാൻ പ്രവർത്തിച്ചുവരികയാണെന്ന് ഇസ്രയേൽ പ്രതിരോധസേന പറഞ്ഞു.

## കരുതൽ ധനാനുപാതം കുറച്ചു: ബാങ്കുകൾക്ക് നേട്ടം 1.16 ലക്ഷം കോടി

**ന്യൂദൽഹി:** റിസർവ് ബാങ്ക് കരുതൽ ധനാനുപാതം കുറച്ചതോടെ ബാങ്കുകൾക്ക് 1.16 ലക്ഷം കോടി രൂപ അധികമായി ലഭിക്കും. വെള്ളിയാഴ്ചയിലെ പണനയ പ്രഖ്യാപനത്തിനിടെയാണ് റിസർവ് ബാങ്ക് ഗവർണർ ശക്തികാന്ത ദാസ് കരുതൽ ധനാനുപാതം(സി.ആർ.ആർ) 4.50 ശതമാനത്തിൽനിന്ന് നാല് ശതമാനമായി കുറച്ചതായി അറിയിച്ചത്.

മൊത്തം നിക്ഷേപത്തിന് ആനുപാതികമായി ബാങ്കുകൾ നിർബന്ധമായും റിസർവ് ബാങ്കിൽ സൂക്ഷിക്കേണ്ട തുകയാണ് സിആർആർ. ഇതിൽ കുറവ് വരുത്തുന്നതോടെ കുറഞ്ഞ നിരക്കിൽ വായ്പ നൽകാൻ കൂടുതൽ തുക ബാങ്കുകൾക്ക് ലഭിക്കും.



സൊസൈറ്റി ടുഡേ
SOCIETY TODAY

# ഒഡെപെകിന്റെ ജർമ്മൻ ഭാഷാ പരീക്ഷാ കേന്ദ്രം ഇന്ന് മന്ത്രി വി. ശിവൻകുട്ടി ഉദ്ഘാടനം ചെയ്യും

**കൊച്ചി:** സംസ്ഥാന തൊഴിൽവകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ ഓവർസീസ് ഡെവലപ്മെന്റ് ആന്റ് എംപ്ലോയ്മെന്റ് പ്രമോഷൻ കൺസൾട്ടന്റ് (ഒഡെപെക്) ന്റെ നേതൃത്വത്തിൽ അങ്കമാലിയിൽ ആരംഭിക്കുന്ന ഇന്ത്യയിലെ ഏറ്റവും വലിയ ജർമ്മൻ ഭാഷാ പരീക്ഷാ കേന്ദ്രം ഇന്ന് (ഡിസംബർ 09,തിങ്കൾ) സംസ്ഥാന തൊഴിൽ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി ഉദ്ഘാടനം ചെയ്യും. അങ്കമാലി സൗത്ത് ഇൻകെൽ ബിസിനസ് പാർക്കിൽ രാവിലെ 11 ന് നടക്കുന്ന സമ്മേളനത്തിൽ റോജി. എം. ജോൺ എം.എൽ.എ അധ്യക്ഷത വഹിക്കും. ബംഗളൂരുവിലെ ജർമ്മൻ കോൺസുലേറ്റ് കൗൺസൽ ജനറൽ അച്ചിം ബർക്കാർട്ട് മുഖ്യ അതിഥിയായിരിക്കും. ജർമ്മൻ ഏജൻസി ഫോർ ഇന്റർനാഷണൽ ഹെൽത്ത്കെയർ പ്രൊഫഷണൽസ്(ഡിഇഎഫ്എ)എക്സിക്യൂട്ടീവ് ഡയറക്ടർ തോർസ്റ്റാൻ കീഫർ, ടെൽക് ബിസിനസ് ഡെവലപ്മെന്റ് മാനേജർ രേണുക പഞ്ച്പോർ എന്നിവർ മുഖ്യപ്രഭാഷണവും. സംസ്ഥാന തൊഴിൽവകുപ്പ് സെക്രട്ടറി ഡോ. കെ. വാസുകി ഐ.എ.എസ് പ്രത്യേക പ്രഭാഷണവും നടത്തും. ഡിഇഎഫ്എയുടെയും ടെൽക്കിന്റെയും സഹകരണത്തോടെയാണ് ഒഡെപെകിന്റെ നേതൃത്വത്തിൽ ഇന്ത്യയിലെ ഏറ്റവും വലിയ ജർമ്മൻ ഭാഷാ പരീക്ഷാ കേന്ദ്രം അങ്കമാലിയിൽ ആരംഭിക്കുന്നതെന്ന് ഒഡെപെക് ചെയർമാൻ അഡ്വ. കെ.പി അനിൽകുമാർ, മാനേജിംഗ് ഡയറക്ടർ കെ.എ അനൂപ് എന്നിവർ പറഞ്ഞു.




**കലൂർ ഐ.എം.എ ഹൗസിൽ സംഘടിപ്പിച്ച കേരളത്തിലെ ആദ്യ ആന്റി മൈക്രോബിയൽ റെസിസ്റ്റൻസ് കോർപ്പറേറ്റ് സമ്മിറ്റിൽ ആഗോള പൊതുജനാരോഗ്യ വിദഗ്ധനും റിയാക്റ്റ് ഏഷ്യയുടെ ഡയറക്ടറുമായ ഡോ: എസ്.എസ് ലാൽ മുഖ്യപ്രഭാഷണം നടത്തുന്നു. ഡോ ജേക്കബ് എബ്രഹാം, ഹുമയൂൺ കള്ളിയത്ത്, രഞ്ജിത്ത് വിശ്വനാഥൻ, സി. സജിൽ, ഡോ ഹൈഫ മുഹമ്മദ് അലി, ഡോ സണ്ണി പി.ഓരത്തേൽ എന്നിവർ സമീപം**

# ആന്റിബയോട്ടിക്കുകളുടെ തെറ്റായ ഉപയോഗ രീതികൾ വിപരീത ഫലം സൃഷ്ടിക്കും: ഡോ എസ് എസ് ലാൽ

**കൊച്ചി:** ആന്റിബയോട്ടിക്കുകളുടെ തെറ്റായ ഉപയോഗ രീതികൾ വിപരീത ഫലം സൃഷ്ടിക്കുമെന്ന് ആഗോള പൊതുജനാരോഗ്യ വിദഗ്ധനും റിയാക്റ്റ് ഏഷ്യയുടെ ഡയറക്ടറുമായ ഡോ: എസ്.എസ് ലാൽ പറഞ്ഞു. ആഗോള സംഘടനയായ റിയാക്റ്റ് ഏഷ്യ, ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ കൊച്ചി, സാമൂഹ്യ കൂട്ടായ്മയായ 'ടുഗതെർ വി ക്യാൻ' എന്നിവർ സംയുക്തമായി കലൂർ ഐ.എം.എ ഹൗസിൽ സംഘടിപ്പിച്ച കേരളത്തിലെ ആദ്യ ആന്റി മൈക്രോബിയൽ റെസിസ്റ്റൻസ് കോർപ്പറേറ്റ് സമ്മിറ്റിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.


ആന്റിബയോട്ടിക്കുകളുടെ തുടർച്ചയായതും അനുചിതവുമായ ഉപയോഗം ആന്റിബയോട്ടിക് റസിസ്റ്റൻസിലേക്ക് നയിക്കും. ഇത് രോഗം ഗുരുതരമാക്കുന്നതിനൊപ്പം മരണ സാധ്യതയും വർദ്ധിപ്പിക്കും.കോർപ്പറേറ്റ് തൊഴിലിടങ്ങളിലും വ്യവസായ മേഖലകളിലും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ആന്റിബയോട്ടിക് റസിസ്റ്റൻസുമായി ബന്ധപ്പെട്ട അവബോധം നടത്തേണ്ടതിന്റെ ആവശ്യകത ഉയർത്തിക്കാട്ടിയായിരുന്നു സമ്മിറ്റ് നടത്തിയത്. 'ആന്റിബയോട്ടിക് സ്മാർട്ട് വർക്ക്പ്ലേസ്' ഇനിഷ്യേറ്റീവിന്റെ ഉദ്ഘാടനം ഡൈനാബുക്ക് ( തോഷിബ) ദക്ഷിണേഷ്യ ഓപ്പറേഷൻസ് മേധാവി രഞ്ജിത്ത് വിശ്വനാഥൻ ചടങ്ങിൽ നിർവഹിച്ചു. അടുത്ത ഒരു വർഷത്തേക്കുള്ള അവബോധന പരിപാടികളുടെ മാർഗരേഖയും സമ്മിറ്റിൽ അവതരിപ്പിച്ചു. തൊഴിലിടങ്ങളിലെ ആന്റിബയോട്ടിക് ഉപയോഗവുമായി ബന്ധപ്പെട്ട് സംഘടിപ്പിച്ച ചർച്ചകൾക്ക് കൈരളി ടി എം ടി എക്സിക്യൂട്ടീവ് ഡയറക്ടർ ഹുമയൂൺ കള്ളിയത്ത്, ഹീൽ ഫൗണ്ടർ രാഹുൽ മാമ്മൻ, രാജഗിരി ഹോസ്പിറ്റൽ മെഡിക്കൽ സൂപ്രണ്ട് ഡോ സണ്ണി പി ഓരത്തേൽ, മാധ്യമപ്രവർത്തകൻ സി. സജിൽ എന്നിവർ നേതൃത്വം നൽകി. കേരളത്തിലെ ആദ്യത്തെ 'ആന്റിബയോട്ടിക് സ്മാർട്ട്' തൊഴിലിടത്തിനുള്ള പുരസ്കാരം കൊച്ചി ആസ്ഥാനമായുള്ള ഫിൻടെക് സ്റ്റാർട്ടപ്പായ ഐ.വി.ബി.എമ്മിന് ചടങ്ങിൽ സമ്മാനിച്ചു. ഐ.എം.എ കൊച്ചി പ്രസിഡന്റ് ഡോ ജേക്കബ് എബ്രഹാം, ഐ.വി.ബി.എം വൈസ് പ്രസിഡന്റ് കെ.എസ് ഫസലുറഹ്മാൻ, റിയാക്റ്റ് ഏഷ്യ പ്രോഗ്രാം മാനേജർ ഡോ ഹൈഫ മുഹമ്മദലി, ഐ.എം.എ കൊച്ചി സെക്രട്ടറി ഡോ. സച്ചിൻ സുരേഷ് എന്നിവർ സംസാരിച്ചു.

# കുസാറ്റിൽ ആന്റിന ആൻഡ് പ്രൊപ്പഗേഷൻ സിമ്പോസിയത്തിന്റെ 18 ാം പതിപ്പ് സംഘടിപ്പിച്ചു

**കൊച്ചി:** ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ ഇലക്ട്രോണിക്സ് വകുപ്പിൽ ആന്റിന ആൻഡ് പ്രൊപ്പഗേഷൻ സിമ്പോസിയത്തിൻറെ 18 ാം പതിപ്പ് (എപിഎസ്വൈഎം 2024) സംഘടിപ്പിച്ചു. അമര രാജ ഡിസൈൻ സ്ഥാപകനും മാനേജിംഗ് ഡയറക്ടറുമായ ഐഇഇഇ നോമിനേഷൻസ് ആൻഡ് അപ്പോയിന്റ്മെന്റ്സ് കമ്മിറ്റിയുടെ അൽഫ മെമ്പറുമായ ഡോ. സുരേഷ് നായർ ആണ് പരിപാടി ഉദ്ഘാടനം ചെയ്തത്. സർവകലാശാല വൈസ് ചാൻസിലർ പ്രൊഫ. എം. ജുനൈദ് ബുഷിരിയുടെ സാന്നിധ്യത്തിലായിരുന്നു ഉദ്ഘാടന ചടങ്. ഡയറക്ടർപ്രൊഡക്റ്റ് റിയലൈസേഷൻ (സിടിഒ) വെർഡന്റ് ടെലിമെട്രി & ആന്റിന സിസ്റ്റംസ് ചടങ്ങിന്, ശ്രീ. കുരുവിള ജോർജ്ജ് ആശംസകൾ അർപ്പിച്ചു

പരിപാടിയിൽ എഎൻഎസ്വൈഎസ് & എച്ച്എഫ്എസ്എസ് എന്നിവയുമായി ബന്ധപ്പെട്ട 3 ഹാൻഡ്സ്ഓൺ വർക്ക്ഷോപ്പുകൾ സംഘടിപ്പിച്ചു.

ജി.ഇ. ഹെൽത്ത് കെയർ, ബോഷ് തുടങ്ങിയ മുൻനിര വ്യവസായങ്ങളിൽ നിന്ന് എത്തുന്ന വിദഗ്ധരും ഇന്ത്യയിലെ പ്രമുഖ സംരംഭകരുമാണ് പരിപാടിയിൽ പങ്കെടുത്തത്.



**പ്രദീപ് ജോസ് (എറണാകുളം), വിനോദ് ബേബി (പറവൂർ), ട്രഷറർ അജ്മൽ കാമ്പായി (ആലുവ)**

# കെ.വി.വി.ഇ.എസ് യൂത്ത് വിംഗ്: ജില്ലാ ഭാരവാഹികളെ തിരഞ്ഞെടുത്തു

**കൊച്ചി:** കേരള വ്യാപാരി വ്യവസായി ഏകോപന സമിതി യൂത്ത് വിംഗ് എറണാകുളം ജില്ലാ പ്രസിഡന്റായി പ്രദീപ് ജോസ് ( എറണാകുളം), ജില്ലാ ജനറൽ സെക്രട്ടറിയായി വിനോദ് ബേബി ( പറവൂർ). ട്രഷറർ ആയി അജ്മൽ കാമ്പായി (ആലുവ) എന്നിവരെ തിരഞ്ഞെടുത്തു. പാലാരിവട്ടം വ്യാപാരി ഭവനിൽ നടന്ന യൂത്ത് വിംഗ് ജില്ലാ കൺവെൻഷനിലായിരുന്നു പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തത്. കേരള വ്യാപാരി വ്യവസായി ഏകോപന സമിതി സംസ്ഥാന വൈസ് പ്രസിഡന്റ് പി.സി ജേക്കബ് കൺവെൻഷൻ ഉദ്ഘാടനം ചെയ്തു. ജില്ലാ ജനറൽ സെക്രട്ടറി അഡ്വ. എ.ജെ റിയാസ് മുഖ്യപ്രഭാഷണം നടത്തി. ട്രഷറർ സി.എസ് അജ്മൽ, വർക്കിംഗ് പ്രസിഡന്റ് ജിമ്മി ചക്യത്ത് തുടങ്ങിയവർ സംസാരിച്ചു.

# രാഷ്ട്രപതി റായ്രംഗ്പൂരിൽ വിവിധ വികസന പദ്ധതികൾക്ക് തറക്കല്ലിട്ടു

**ഒഡിഷ:** രാഷ്ട്രപതി ദ്രൗപദി മുർമു ഒഡിഷയിൽ ബംഗിരിപോസിഗോരുമഹിസാനി; ബുരാമരചകുലിയ; ബദാംപഹാർകെന്ദുജാർഗഡ് എന്നീ മൂന്ന് റെയിൽവേ പാതകൾക്ക് തറക്കല്ലിട്ടു. ട്രൈബൽ റിസർച്ച് ആൻഡ് ഡെവലപ്മെന്റ് സെന്റർ, ഡാൻഡ് ബോസ് എയർപോർട്ട്; റായ്രംഗ്പൂരിൽ സബ് ഡിവിഷണൽ ആശുപത്രിയുടെ പുതിയ കെട്ടിടം എന്നിവയ്ക്കും തറക്കല്ലിട്ടു ഈ നാടിന്റെ മകളായതിൽ താൻ എന്നും അഭിമാനിക്കുന്നുണ്ടെന്ന് ചടങ്ങിൽ സംസാരിച്ച രാഷ്ട്രപതി പറഞ്ഞു. ഉത്തരവാദിത്തങ്ങളും ജോലിത്തിരക്കുകളും ജന്മനാട്ടിൽ നിന്നും അവിടുത്തെ ജനങ്ങളിൽ നിന്നും ഒരിക്കലും തന്നെ അകറ്റിയിട്ടില്ല. മറിച്ച്, ആളുകളുടെ സ്നേഹം തന്നെ അവരിലേക്ക് ആകർഷിക്കുന്നു. തന്റെ ചിന്തകളിലും പ്രവൃത്തികളിലും മാതൃദേശം നിറഞ്ഞു നിൽക്കുന്നുണ്ടെന്നും അവർ പറഞ്ഞു. ഈ പ്രദേശത്തെ ജനങ്ങളുടെ ശുദ്ധവും അഗാധവുമായ വാത്സല്യം തന്റെ മനസ്സിൽ എപ്പോഴും പ്രതിധ്വനിക്കുന്നതായും രാഷ്ട്രപതി പറഞ്ഞു

റെയിൽ പദ്ധതികളും വിമാനത്താവളങ്ങളും മേഖലയിലെ ഗതാഗതം, വാണിജ്യം, ബിസിനസ് എന്നിവയെ ഉത്തേജിപ്പിക്കുമെന്ന് രാഷ്ട്രപതി ആത്മവിശ്വാസം പ്രകടിപ്പിച്ചു. 100 കിടക്കകളുള്ള പുതിയ ആശുപത്രി കെട്ടിടം പ്രദേശവാസികൾക്ക് മികച്ച ആരോഗ്യ സൗകര്യങ്ങൾ പ്രദാനം ചെയ്യും.

കേന്ദ്രഗവൺമെന്റിന്റെ പൂർവോദയ ദർശനത്തിന്റെ പ്രയോജനം ഒഡീഷയ്ക്ക് ലഭിക്കുന്നുണ്ടെന്ന് രാഷ്ട്രപതി പറഞ്ഞു. വിദ്യാഭ്യാസം, നൈപുണ്യ വികസനം, ആരോഗ്യം, വിനോദസഞ്ചാര കണക്ടിവിറ്റി , ഗതാഗത സൗകര്യങ്ങൾ എന്നിവയുൾപ്പെടെ വിവിധ ക്ഷേമ പദ്ധതികളിലൂടെ ഈ പ്രദേശത്തിന്റെ വികസനം വേഗത്തിൽ ആവുകയാണ്.

ഗോത്ര വിഭാഗത്തിലെ കുട്ടികളെ പഠിപ്പിക്കാൻ ഏകലവ്യ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ സ്ഥാപിക്കുന്നുണ്ടെന്ന് രാഷ്ട്രപതി പറഞ്ഞു. മയൂർഭഞ്ച് ജില്ലയിലെ 23 സ്കൂളുകൾ ഉൾപ്പെടെ ഒഡീഷയിൽ 100ലധികം പുതിയ ഏകലവ്യ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ സ്ഥാപിക്കപ്പെടുന്നതിൽ അവർ സന്തോഷം രേഖപ്പെടുത്തി . ആ സ്കൂളുകളിൽ നിന്ന് വിദ്യാഭ്യാസം നേടിയ ശേഷം, സമൂഹത്തിന്റെയും രാജ്യത്തിന്റെയും പുരോഗതിക്ക് ഗുണമേന്മയുള്ള സംഭാവന നൽകാൻ ഗോത്ര വിഭാഗത്തിലെ കുട്ടികൾക്ക് കഴിയുമെന്ന് രാഷ്ട്രപതി ആത്മവിശ്വാസം പ്രകടിപ്പിച്ചു.

## സെറെൻഡിപിറ്റി ആർട്ട്സ് ഫെസ്റ്റിവൽ 15 മുതൽ ഗോവയിൽ

**കൊച്ചി:** സാംസ്കാരിക അനുഭവങ്ങളുമായി സെറൻഡിപിറ്റി ആർട്ട് ഫെസ്റ്റിവൽ ഡിസംബർ 15 മുതൽ 22 വരെ ഗോവയിലെ പനാജിയിൽ നടത്തും. ദക്ഷിണേന്ത്യയിലെ ഏറ്റവും വലിയ ഈ കലോൽസവത്തിന്റെ ഒൻപതാം പതിപ്പാണ് പനാജിയിൽ നടത്തുന്നത്. സെറെൻഡിപിറ്റി ആർട്ട്സ് ഫൗണ്ടേഷൻ സംഘടിപ്പിക്കുന്ന പരിപാടി ക്രിയാത്മകതയുടേയും സാംസ്കാരിക വിനിമയത്തിന്റേയും ആഘോഷമായി മാറും. 22ൽ ഏറെ വേദികളിലായി ഇരുന്നൂറിൽ ഏറെ പ്രൊജക്ടുകളാവും ഇവിടെ ഉണ്ടാകുക.

# കണ്ടൽക്കാടുകൾ നട്ടുപിടിപ്പിക്കലും പുനരുദ്ധാരണവും; പദ്ധതിക്ക് തുടക്കമിട്ട് കുസാറ്റ്



**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക ശാലയിലെ കോമൺവെൽത്ത് പദ്ധതിയും, യുകെയിലെ കോമൺവെൽത്തുമായി സഹകരിച്ച് ഇളംകുന്നപ്പുഴ പഞ്ചായത്തിലെ കണ്ടൽക്കാടുകളുടെ പുനരുദ്ധാരണത്തിനായി, എറണാകുളം വൈപ്പിൻ ഇളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിൽ കണ്ടൽക്കാടുകൾ നട്ടുപിടിപ്പിക്കുന്നതിനും പുനരുദ്ധാരണത്തിനും ഡിസംബർ 4 ന് തുടക്കം കുറിച്ചു. സ്കൂൾ ഓഫ് ഇൻഡസ്ട്രിയൽ ഫിഷറീസിലെ കെനിയൻ റിസർച്ച് സ്കോളറായ ഫ്രെഡറിക് ജുമാ സ്യന്യ, സീനിയർ പ്രൊഫസർ ഡോ. എം. ഹരികൃഷ്ണന്റെ മാർഗനിർദേശപ്രകാരമാണ് പരിപാടിക്ക് തുടക്കമിട്ടത്.

വൈപ്പിനിലെ കണ്ടൽക്കാട് സംരക്ഷകനായ ടി. പി. മുരുകേശനുമായി സഹകരിച്ച് പഞ്ചായത്തിൽ 500 കണ്ടൽക്കാടുകൾ നട്ടുപിടിപ്പിച്ചു. കണ്ണൂർ സർവകലാശാല മുൻ വൈസ് ചാൻസലറും കുസാറ്റ് ഫാക്കൽറ്റി ഓഫ് മറൈൻ സയൻസസ് ഡീനുമായ പ്രൊഫ. ഡോ. എസ്. ബിജോയ് നന്ദൻ ആണ് പരിപാടി ഉദ്ഘാടനം ചെയ്തത്.

ഇളംകുന്നപ്പുഴ പഞ്ചായത്ത് പ്രസിഡന്റ് രസികല പ്രിയരാജ്, സ്കൂൾ ഓഫ് ഇൻഡസ്ട്രിയൽ ഫിഷറീസ് ഡയറക്ടർ ഡോ. എസ്. സാബു, ഇളംകുന്നപ്പുഴ പഞ്ചായത്ത് വാർഡ് അംഗം സ്വാതിഷ് സത്യൻ, സ്കൂൾ ഓഫ് ഇൻഡസ്ട്രിയൽ ഫിഷറീസ് സീനിയർ പ്രൊഫസർ ഡോ. ഈ എന്നിവർ ഈ സംരംഭത്തിന്റെ ഭാഗമായി. കുസാറ്റിലെ കണ്ടൽക്കാട് ഗവേഷകയായ ഡോ. ശ്രീലക്ഷ്മിയും ടി. പി. മുരുകേശനും എന്നിവർ കണ്ടൽക്കാടുകളുടെ സംരക്ഷണത്തെക്കുറിച്ചുള്ള ബോധവൽക്കരണ ക്ലാസുകൾ നടത്തി. കാലാവസ്ഥാ വ്യതിയാനത്തെ ചെറുക്കുന്നതിനും തീരദേശ ആവാസ വ്യവസ്ഥയെ സംരക്ഷിക്കുന്നതിനും പ്രകൃതി അധിഷ്ഠിത പരിഹാരങ്ങളായി കണ്ടൽക്കാടുകളുടെ പ്രാധാന്യത്തെക്കുറിച്ച് സംസാരിച്ചു.

'കണ്ടൽക്കാടുകളുടെ സംരക്ഷണം' എന്ന വിഷയത്തിൽ പഞ്ചായത്തിലെ സ്കൂളുകളിലുടനീളം ചിത്രരചനാ മത്സരവും സംഘടിപ്പിച്ചു. പരിസ്ഥിതി സുസ്ഥിരതയ്ക്കുള്ള അവബോധവും പ്രവർത്തനവും (യുവാക്കൾക്കിടയിൽ) അഭിവൃദ്ധി പ്രാപിക്കുന്നുണ്ടെന്ന് ഉറപ്പാക്കാനാണ് ഈ പദ്ധതിവഴി ലക്ഷ്യമിടുന്നത്.

# വൈ.എം.സി.എ വൈ.ഡബ്ല്യു.സി.എ. എക്യുമെനിക്കൽ ക്രിസ്മസ് കരോൾ നടത്തി




**കൊച്ചി:** എറണാകുളം വൈ.എം.സി.എ.യും വൈ.ഡബ്ല്യൂ.സി.എ.യും ചേർന്നു സംഘടിപ്പിച്ച എക്യുമെനിക്കൽ ക്രിസ്തുമസ് കാരൾ പരിപാടിയിൽ ജില്ലയിലെ വിവിധ പള്ളികളിൽ നിന്നുള്ള ഗായക സംഘങ്ങൾ പങ്കെടുത്തു. എറണാകുളം വൈ.എം.സി.എ പ്രസിഡന്റ് ഡോ. ടെറി തോമസ് എടത്തൊട്ടി അധ്യക്ഷനായിരുന്നു. അഭിവന്ദ്യ. ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്ത, നിരണം ഭദ്രാസനം, മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ സെക്രട്ടറി, വിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ്, ക്രിസ്മസ് സന്ദേശം നൽകി. വൈ.ഡബ്ല്യൂ.യു.സി.എ പ്രസിഡന്റ് സുജാത മേരി തോമസ്, വൈ.എം.സി.എ ജനറൽ സെക്രട്ടറി ആൻറ്റോ ജോസഫ്, വി. എബ്രഹാം സൈമൺ, ജെസ്സി കുര്യൻ, സജി എബ്രഹാം എന്നിവർ സംസാരിച്ചു.

കേരള ഫൈൻ ആർട്ട് സൊസൈറ്റി ഹാളിൽ നടന്ന കാരോളിലിൽ വൈ.എം.സി.എ വൈ.ഡബ്ല്യൂ.സി.എ. എറണാകുളം, മാർ കൂറിലോസ് ബാവ ക്വയർ, സെൻറ് ആന്റണിസ് ലാറ്റിൻ ക്വയർ പനങ്ങാട്, ജെറുസലേം മാർത്തോമ്മാ ചർച്ച്, എളംകുളം, സെന്റ്. തോമസ് ഇവാൻജെലിക്കൽ ചർച്ച്, വൈ.ഡബ്ല്യൂ.യു.സി.എ ജൂനിയർ ഗായക സംഘം, സി.എസ്.ഐ ക്രൈസ്റ്റ് ചർച്ച്, എളംകുളം, സെന്റ്. മേരീസ് സൂനോറോ പാട്രിയാർക്കൽ കത്തീഡ്രൽ, എളംകുളം, സെന്റ്. മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ എറണാകുളം, സെന്റ്. ഗ്രീഗോറിസ് ഓർത്തഡോക്സ് സിറിയൻ ചർച്ച് എളംകുളം, സി.എസ്.ഐ. ഇമ്മാനുവൽ കത്തീഡ്രൽ, എറണാകുളം സെന്റ്. ജോർജ് ഓർത്തഡോക്സ് വലിയപള്ളി പാലാരിവട്ടം തുടങ്ങിയ പ്രശസ്ത ക്വയറുകൾ പങ്കെടുത്തു.

# വിഴിഞ്ഞം തുറമുഖത്ത് റീച്ച്സ്റ്റാക്കർ എത്തിച്ചു

**വിഴിഞ്ഞം :** വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്ത് കണ്ടെയ്നർ നീക്കത്തിന് കൂടുതൽ കരുത്ത് പകരാൻ റീച്ച്സ്റ്റാക്കർ എത്തിച്ചു. കണ്ടെയ്നർ നീക്കങ്ങൾക്ക് ഷിപ്പ് ടു ഷോർ ക്രെയിനുകളും, യാർഡ് ക്രെയിനുകളുമാണ് നിലവിൽ ഉപയോഗിക്കുന്നത്.യാർഡിന് പുറത്തേക്കുള്ള നീക്കങ്ങൾ ഇവയെ കൊണ്ട് സാധ്യമല്ലാത്തതിനാലാണ് റീച്ച് സ്റ്റാക്കർ എന്ന പുതിയ തരം മൊബൈൽ ക്രെയിനുകൾ വിഴിഞ്ഞത്ത് എത്തിച്ചത്. ഇതുവഴി കണ്ടെയ്നറുകൾ യാർഡിന് പുറത്തുള്ള നിശ്ചിത സ്ഥാനത്തേക്ക് എത്തിക്കാൻ കഴിയും.

മികച്ച ചലനക്ഷമതയും ഉയർന്ന ഭാരം വഹിക്കാനുള്ള ശേഷിയും ഇവയുടെ പ്രത്യേകതയാണ്. നാല്റീച്ച് സ്റ്റാക്കറുകളാണ് വിഴിഞ്ഞത്തിന്റെ ആദ്യഘട്ടത്തെ പ്രവർത്തനത്തിന് ആവശ്യമായിട്ടുള്ളത്. ഇതിൽ രണ്ടെണ്ണമാണ് ഇപ്പോൾ ഇവിടെ എത്തിച്ചേർന്നത്.

ആധുനിക രീതിയിലുള്ള റീച്ച് സ്റ്റാക്കർ ചൈനയിൽ നിന്നാണ് ഇറക്കുമതി ചെയ്തത്. ബാക്കിയുള്ള രണ്ടെണ്ണം വരും ദിവസങ്ങളിൽ എത്തിച്ചേരുമെന്ന് അധികൃതർ അറിയിച്ചു.

# ഇന്ത്യൻ നാഷണൽ മാത്തമാറ്റിക്കൽ ഒളിമ്പ്യാഡിൽ പങ്കെടുക്കുന്നവർക്കായി റസിഡൻഷ്യൽ ക്യാമ്പ്

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ ഗണിതശാസ്ത്ര വിഭാഗം ഇന്ത്യൻ നാഷണൽ മാത്തമാറ്റിക്കൽ ഒളിമ്പ്യാഡിൽ പങ്കെടുക്കുന്ന സ്കൂൾ വിദ്യാർഥികൾക്കും അധ്യാപകർക്കുമായി ഡിസംബർ 26 മുതൽ 30 വരെ റസിഡൻഷ്യൽ പരിശീലന ക്യാമ്പ് സംഘടിപ്പിക്കുന്നു. 2025 ജനുവരി 19ന് നടക്കുന്ന ഒളിമ്പ്യാഡിൻറെ പശ്ചാത്തലത്തിലാണ് പരിശീലനം. ഹോമി ഭാഭ സെന്റർ ഫോർ സയൻസ് എഡ്യൂക്കേഷൻ ആൻഡ് റിസർച്ച്, ടാറ്റ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫണ്ടമെന്റൽ റിസർച്ച് എന്നിവയുടെ സഹകരണത്തോടെ നടക്കുന്ന പരിശീലന പരിപാടിയിൽ ഒളിമ്പ്യാഡ് സിലബസിലെ നാല് പ്രധാന വിഷയങ്ങളും പഠിപ്പിക്കും. കേരളത്തിലെ എല്ലാ ഹൈസ്കൂളുകളിലെയും ഹയർസെക്കൻഡറി സ്കൂളുകളിലെയും ഗണിതശാസ്ത്ര അധ്യാപകർക്കും അടുത്ത വർഷത്തെ ഗണിതശാസ്ത്ര ഒളിമ്പ്യാഡിന് തയ്യാറെടുക്കുന്ന എട്ട്, ഒമ്പത്, പത്ത്, പതിനൊന്ന് ക്ലാസുകളിലെ വിദ്യാർഥികൾക്കും https://forms.gle/qvrlyqawn5zktswc6 എന്ന ഫോം പൂരിപ്പിച്ച് പരിശീലനപരിപാടിയിലേക്ക് അപേക്ഷിക്കാം. അപേക്ഷിക്കാനുള്ള അവസാന തീയതി ഡിസംബർ 20.

റസിഡൻഷ്യൽ പരിശീലന ക്യാമ്പിലേക്ക് തിരഞ്ഞെടുക്കപ്പെട്ടവരുടെ പട്ടിക ഡിസംബർ 24ന് പ്രസിദ്ധീകരിക്കും. ഞങ്ങൾ അവാർഡ് ലഭിച്ചവർ ഒഴികെയുള്ളവർ ഡിസംബർ 25നോ അതിനുമുമ്പോ 57014625969, SBI CUSAT ബ്രാഞ്ച് എന്ന അക്കൗണ്ടിലേക്ക് അക്കൗണ്ട് ട്രാൻസ്ഫർ വഴി രജിസ്ട്രേഷൻ ഫീസ് അടയ്ക്കണം.

താമസസൗകര്യം ഉൾപ്പെടെ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും 2500 രൂപ വീതമാണ് ഫീസ്. താമസ സൗകര്യമില്ലാതെ 1500 രൂപ അടച്ച് പരിശീലനത്തിൽ പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്ക് ഐഎൻഎംഒ റീജിയണൽ കോർഡിനേറ്ററും കുസാറ്റിലെ ഗണിതശാസ്ത്ര വിഭാഗം അസിസ്റ്റന്റ് പ്രൊഫസറുമായ ഡോ. എ നൗഫലിനെ 9447327154 എന്ന നമ്പറിൽ ബന്ധപ്പെടുക.

# ആരോഗ്യ പ്രവർത്തകർക്കുള്ള പരിശീലന പരിപാടി അമൃതയിൽ സമാപിച്ചു

**കൊച്ചി:** കേരളം, തമിഴ്നാട് , പോണ്ടിച്ചേരി, ആൻഡമാൻ നിക്കോബാർ എന്നിവിടങ്ങളിൽ നിന്നെത്തിയ 30 ആരോഗ്യ പ്രവർത്തകർക്ക് ആണ് ആറ് ദിവസത്തെ പരിശീലന പരിപാടി സംഘടിപ്പിച്ചത്. കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന് കീഴിൽ ആരോഗ്യമേഖലയിലെ ഗവേഷണങ്ങളെ പരിപോഷിപ്പിക്കാൻ ഉള്ള പദ്ധതിയായ സിസ്റ്റമാറ്റിക് റിവ്യൂ ആൻഡ് നെറ്റ് വർക്കിംഗ് സപ്പോർട്ട് ഇൻ ഹെൽത്ത് പദ്ധതിയുടെ ഭാഗമായാണ് ട്രെയിനിംഗ് പ്രോഗ്രാം ഒരുക്കിയത്. നവംബർ രണ്ടിന് ആരംഭിച്ച പരിശീലന പരിപാടിയുടെ ഉദ്ഘാടനം കൊച്ചി അമൃത ആശുപത്രി പീഡിയാട്രിക് കാർഡിയോളജി വിഭാഗം മേധാവി പ്രൊഫ. ഡോ. ആർ. കൃഷ്ണകുമാർ നിർവഹിച്ചു.

അമൃത സ്കൂൾ ഓഫ് ഡെന്റസ്ട്രി പ്രിൻസിപ്പൽ ഡോ. ബാലഗോപാൽ വർമ്മ, അമൃത സെൻറർ ഫോർ എവിഡൻസ് ബേസ്ഡ് ഓറൽ ഹെൽത്ത് ഡയറക്ടർ ഡോ. ചന്ദ്രശേഖർ ആർ., ഡിഎച്ച്ആർ ശാസ്ത്രജ്ഞ ഡോ. രൂപ ഹരിപ്രസാദ് എന്നിവരും ചടങ്ങിൽ പങ്കെടുത്തു. ആരോഗ്യ രംഗത്തെ വിവിധ മേഖലകളെ സംബന്ധിച്ച ആറ് ദിവസത്തെ ട്രെയിനിംഗ് പ്രോഗ്രാം പൂർത്തിയാക്കിയവർക്ക് സമാപന ചടങ്ങിൽ വെച്ച് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. കൊച്ചി അമൃത ആശുപത്രി കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം മേധാവി പ്രൊഫ. ഡോ. അശ്വതി എസ്, അമൃത സെൻറർ ഫോർ എവിഡൻസ് ബേസ്ഡ് ഓറൽ ഹെൽത്ത് ഡെപ്യൂട്ടി ഡയറക്ടർ ഡോ. വിനീത കെ. എന്നിവർ സമാപന ചടങ്ങിൽ പങ്കെടുത്തു.

# ഫോക്‌ലോർ ഫെസ്റ്റിൽ 100 പേരുടെ കവിയരങ്ങ്

**കൊച്ചി:** വൈപ്പിൻ ഫോക്‌ലോർ ഫെസ്റ്റ് 2024ന്റെ ഭാഗമായി വിശാല കൊച്ചി സാംസ്കാരിക വേദി 'എന്റെ കവിത' 100 കവികളുടെ കവിയരങ്ങ് ഈ മാസം 15നു രാവിലെ 9:30 മുതൽ എടവനക്കാട് പുളിക്കനാട്ട് ഓഡിറ്റോറിയത്തിൽ നടക്കും.

നാലു സെഷനുകളായി വൈകുന്നേരം 4.30 വരെയാണ് കവിയരങ്ങ് ക്രമീകരിച്ചിരിക്കുന്നത്. ഓരോ സെഷനിലും 25 പേർക്കാണ് അവസരം .പങ്കെടുക്കാൻ ആഗ്രഹിക്കുന്ന സെഷൻ രജിസ്റ്റർ ചെയ്യുന്ന സമയത്ത് തെരഞ്ഞെടുക്കാം. പങ്കെടുക്കാൻ താഴെയുള്ള ലിങ്കിൽ രജിസ്റ്റർ ചെയ്യണം https://forms.gle/an7oUTQbz42dtLzx9പങ്കെടുക്കുന്ന കവികളെ പ്രശംസ പത്രവും ഉപഹാരവും നൽകി ആദരിക്കും.

# അയിരൂരിൽ ഐഎച്ച്ആർഡി നഴ്സിംഗ് കോളജിന് അനുമതി

**കോഴഞ്ചേരി:** അയിരൂരിൽ ഐഎച്ച്ആർഡിയും (ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൺ റിസോഴ്സ് ഡെവലപ്മെൻറ്) നഴ്സിംഗ് കോളജ്. നഴ്സിംഗ് വിദ്യാഭ്യാസ മേഖലയിലേക്ക് ഇതാദ്യമായി ചുവടുവയ്ക്കുന്ന ഐഎച്ച്ആർഡി ആദ്യഘട്ടത്തിൽ പത്തനംതിട്ട ജില്ലയിലെ അയിരൂരിലും തൃശൂർ ജില്ലയിലെ ഇരിങ്ങാലക്കുടയിലുമുള്ള നഴ്സിംഗ് കോളജുകൾ ആരംഭിക്കുന്നത്. 60 കുട്ടികൾക്ക് ആദ്യഘട്ടത്തിൽ പ്രവേശനം നല്കുന്നതിനാണ് സർക്കാർ അനുമതി നല്കിയിരിക്കുന്നത്. ഒരു ലക്ഷം രൂപയാണ് ഒരു വർഷത്തേക്ക് ഫീസ്.

202526 അധ്യനവർഷത്തിൽ ക്ലാസുകൾ ആരംഭിക്കാനാണ് തീരുമാനം. 2025 ലെ പ്രവേശന പരീക്ഷയും റാങ്ക് ലിസ്റ്റും അടിസ്ഥാനമാക്കി പ്രവേശനം നടത്തും. നഴ്സിംഗ് കോളജുകൾ തുടങ്ങുന്നതിനായി ഒരു സ്പെഷൽ ഓഫീസറെതന്നെ ഐഎച്ച്ആർഡി നിയോഗിച്ചിട്ടുണ്ട്.

തിരുവല്ല താലൂക്ക് ആശുപത്രിയാകും അയിരൂർ ഐഎച്ച്ആർഡി നഴ്സിംഗ് കോളജിലെ കുട്ടികൾക്ക് ക്ലിനിക്കൽ പഠനത്തിനായി അനുവദിക്കുക. ബേസ് ആശുപത്രി എന്ന നിലയിലും ഇത് പ്രവർത്തിക്കും. ചെറുകോൽപ്പുഴ റാന്നി റോഡിലുള്ള പഴയ ആ!യുർവേദ ആശുപത്രി ജംഗ്ഷനിൽനിന്നും 300 മീറ്റർ ഉള്ളിലുള്ള അയിരൂർ ഗ്രാമപഞ്ചായത്തിലെ 12ാം വാർഡിലാണ് ഐഎച്ച്ആർഡി കാമ്പസ് സ്ഥിതി ചെയ്യുന്നത്.

വെള്ളം ഉൾപ്പെടെ എല്ലാ അടിസ്ഥാന സൗകര്യവും ലഭ്യമാണെന്ന് അയിരൂർ ഗ്രാമപഞ്ചായത്ത് മുൻ പ്രസിഡൻറ് ടി പ്രസാദ് കൈലാത്ത് പറഞ്ഞു. ഐഎച്ച്ആർഡി കോളജിനാണ് ആദ്യം അനുമതി ലഭിച്ചത്. എന്നാൽ ഡിഗ്രി പഠനത്തിന് കുട്ടികൾ കുറഞ്ഞതോടെയാണ് കാമ്പസിൽ നഴ്സിംഗ് കോളജ് ആരംഭിക്കാൻ തീരുമാനമായത്.

പതിയ നഴ്സിംഗ് കോളജുകൾക്ക് ആരോഗ്യ സർവകലാശാലയുടെ അഫിലിയേഷനും തത്വത്തിൽ ലഭ്യമായിട്ടുണ്ട്. നാഷണൽ നഴ്സിംഗ് കൗൺസിലിൻറെ അംഗീകാരത്തിനുള്ള നടപടികളും അതിവേഗത്തിലാണ് പുരോഗമിക്കുന്നതെന്ന് ഐഎച്ച്ആർഡി അധികൃതർ പറഞ്ഞു. അയിരൂരിലും ഇരിങ്ങാലക്കുടയിലും ആവശ്യത്തിനുള്ള കെട്ടിടങ്ങളും വാഹനസൗകര്യവും ഉള്ളതും നഴ്സിംഗ് കോളജ് ആരംഭിക്കുന്നതിന് പ്രചോദനമായി.

റാന്നി നിയോജക മണ്ഡല പരിധിയിൽപ്പെട്ട സ്ഥലമാണ് അയിരൂർ. സർക്കാർ നിയന്ത്രണത്തിൽ നിയോജക മണ്ഡലത്തിൽ ആരംഭിക്കുന്ന നഴ്സിംഗ് സ്ഥാപനവുമാകുമിത്. ആറന്മുളയിലെ സഹകരണ എൻജിനിയറിംഗ് കോളജ് കാമ്പസിലും അടുത്ത വർഷം നഴ്സിംഗ് കോളജ് ആരംഭിക്കാൻ തീരുമാനമായിട്ടുണ്ട്.




# സമൂഹത്തെ സഹാനുഭൂതിയോടെ കണ്ട് നന്മചെയ്യണം : കൈലാഷ് സത്യാർഥി

**കൊച്ചി:** സമൂഹത്തെ സഹാനുഭൂതിയോടെ കാണുകയും നന്മ ചെയ്യുകയും വേണമെന്ന് നൊബേൽ സമ്മാന ജേതാവ് കൈലാഷ് സത്യാർഥി. റോട്ടറി ഇന്റർനാഷണൽ സൗത്ത് ഏഷ്യ സോണുകളുടെ ഗവർണർമാരുടെ സമ്മേളനമായ റോട്ടറി ഇൻസ്റ്റിറ്റ്യൂട്ട് കൊച്ചി 2024ൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. മാനസികമായും ശാരീരികമായുമെല്ലാം നന്മ ചെയ്യാൻ തയ്യാറാവുകയും തിരികെ എന്തെങ്കിലും ലഭിക്കുമെന്ന് പ്രതീക്ഷിക്കാതിരിക്കുകയും വേണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

ലോകം ഇത്രയധികം വിഭജിക്കപ്പെടുകയോ വെല്ലുവിളികൾ നേരിടുകയോ ചെയ്ത കാലം ഇതിനുമുമ്പൊരിക്കലും ഉണ്ടായിരുന്നില്ല. എന്നാൽ അതിനിടയിൽ തന്നെ സാമ്പത്തികമായും സാങ്കേതികമായും വളരാനും ലോകത്തിന് സാധിച്ചിട്ടുണ്ട്. ഒരു ഭാഗത്ത് ആഴ്ചയിൽ രണ്ട് ബില്യനയർമാർ സൃഷ്ടിക്കപ്പെടുന്നു. അതേ ആഴ്ചയിൽ തന്നെ പതിനായിരം കുട്ടികൾ സ്കൂൾ പഠനം അവസാനിപ്പിക്കുകയും ബാലവേലയിൽ എത്തിച്ചേരുകയും ചെയ്യുന്നു. ഇത് വെറും കണക്കായി കാണരുതെന്നും വ്യത്യസ്ത ദിശകളിലെ മാറ്റങ്ങളാണ് സൂചിപ്പിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

യുദ്ധവും അക്രമവും ലോകത്ത് വർധിച്ചുകൊണ്ടിരിക്കുകയാണ്. നമ്മൾ ഇവിടെ ഇരിക്കുമ്പോൾ ഗാസയിൽ കുട്ടികൾ കൊല്ലപ്പെടുകയോ പരിക്കേൽപ്പിക്കപ്പെടുകയോ ആണ്. സ്ത്രീകളേയും കുട്ടികളേയും തട്ടിക്കൊണ്ടു പോകുന്നു. യുദ്ധത്തിന്റെ ഉത്തരവാദിത്വം കുട്ടികൾക്കല്ലാതിരുന്നിട്ടു കൂടി അതിന്റെ പരിണിത ഫലങ്ങളും ദുരന്തങ്ങളും അവരാണ് കൂടുതൽ അനുഭവിക്കേണ്ടി വരുന്നതെന്നും കൈലാഷ് സത്യാർഥി പറഞ്ഞു. യുദ്ധ മേഖലയിൽ ജീവിതം നയിക്കേണ്ടി വരുന്ന ജനങ്ങളുടെ എണ്ണം രണ്ട് ബില്യണിലേറെയാണ്. 450 മില്യൻ കുട്ടികളാണ് ഇത്തരം മേഖലകളിൽ ജീവിതം നയിക്കുന്നത്. യുദ്ധം കുട്ടികളുടെ ജീവിതത്തേയും ബുദ്ധിയേയും വൈകാരികതയേയും ബാധിക്കുകയാണ്. യുദ്ധത്തിന്റെ കെടുതികൾ അനുഭവിക്കുന്ന കുട്ടികൾ ആരുടെ കുട്ടികളാണെന്ന് സ്വയം ചോദിക്കണമെന്ന് കൈലാഷ് സത്യാർഥി ആവശ്യപ്പെട്ടു. അവരാരും മുസ്ലിമോ ക്രിസ്ത്യനോ ജൂതനോ ഹിന്ദുവോ അല്ല, അവർ നമ്മുടെ കുട്ടികളാണ് എന്ന ചിന്തയും തിരിച്ചറിവും വരുന്നില്ലെങ്കിൽ നമ്മൾ ഓരോരുത്തരും മനുഷ്യപക്ഷത്തല്ല എന്ന് തിരിച്ചറിയണമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

## ഡോളി ചാർജ് വർദ്ധന അനുവദിക്കില്ല: വിശ്വഹിന്ദു പരിഷത്ത്

**കൊച്ചി :** പമ്പയിൽ നിന്നും ശബരിമല സന്നിധാനത്തേയ്ക്കും തിരിച്ചുമുള്ള ഡോളിചാർജിൽ ഭീമമായ വർദ്ധനവ് വരുത്തുവാനുള്ള ദേവസ്വം ബോർഡിന്റെ തീരുമാനം പുനഃപരിശോധിക്കണമെന്ന് വിശ്വഹിന്ദു പരിഷത്ത് സംസ്ഥാന ഘടകം ആവശ്യപ്പെട്ടു. പമ്പയിൽ നിന്ന് സന്നിധാനത്തേക്ക് പോയി തിരിച്ചുവരുന്നതിന് ഒരു ഡോളിക്കുള്ള ചാർജ് നിലവിൽ 6000 രൂപയും, ദേവസ്വം ബോർഡിനു നൽകേണ്ട ഡോളി ഫീസ് 500 രൂപയുമാണ്. ഇതിനു പുറമേ പമ്പയിൽ നിന്ന് സന്നിധാനത്തേക്കു പോകുമ്പോഴും തിരിച്ചു വരുമ്പോഴും ഡോളിക്കാർക്ക് ചായക്കാശു കൂടി നൽകണം.

പുതിയ തീരുമാനപ്രകാരം രണ്ടു സൈഡിലേക്കും കൂടി പോയി വരുന്നതിന് 8000 രൂപയും ദേവസ്വം ഫീസ് 500 രൂപയും ചേർത്ത് 8500 രൂപയാവും. ദേവസ്വം ബോർഡ് ഡോളിക്കാരിൽ നിന്നും ഫീസ് പിരിക്കുന്നതും നിർത്തലാക്കണമെന്നും വിശ്വഹിന്ദു പരിഷത്ത് സംസ്ഥാന പ്രസിഡന്റ് വിജി തമ്പി, ജനറൽ സെക്രട്ടറി വി.ആർ.രാജശേഖരൻ എന്നിവർ ആവശ്യപ്പെട്ടു.

പണ്ട് കാലങ്ങളിൽ ഡോളി ദേവസ്വം ബോർഡ് തന്നെയാണ് നൽകിയിരുന്നത്. ഓരോ വർഷവും സീസൺ തുടങ്ങും മുമ്പ് ഡോളികളുടെ അറ്റകുറ്റപണികൾ നടത്തിയിരുന്നതും ബോർഡിന്റെ ഉത്തരവാദിത്വമായിരുന്നു. അന്ന് ഡോളികളുടെ വാടക എന്ന ഇനത്തിലാണ് ദേവസ്വം ബോർഡ് ഫീസ് പിരിച്ചിരുന്നത്.ഇന്ന് ദേവസ്വം ബോർഡ് ആർക്കും ഡോളി വാങ്ങിനൽകുന്നില്ല.ഓരോ ഡോളിക്കാരും സ്വന്തം പണം കൊടുത്തു വാങ്ങിയ ഡോളിയാണ് സർവ്വീസിന് ഉപയോഗിക്കുന്നത്.

പ്രായമായവർക്കും , അംഗപരിമിതർക്കും രോഗികൾക്കും സൗജന്യ ഡോളി സർവ്വീസ് ഏർപ്പെടുത്തേണ്ട ദേവസ്വം ബോർഡ് ഓരോ ട്രിപ്പിനും 500 രൂപ വീതം നോക്കു കൂലി വാങ്ങുന്നത് അന്യായമാണെന്നും അത് അവസാനിപ്പിച്ച് അയ്യപ്പഭക്തരുടെ മേലുള്ള അധികബാധ്യത ഒഴിവാക്കാൻ നടപടി സ്വീകരിക്കണമെന്നും നേതാക്കൾ ആവശ്യപ്പെട്ടു.



ഐ.എം.എ കൊച്ചി ശാഖയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച ഇന്റർ ഹോസ്പിറ്റൽ കൾച്ചറൽ ഫെസ്റ്റ് തനിമ 2024 'ന്റെ ജേതാക്കളായ റിനൈ മെഡിസിറ്റി ടീം ഐ.എം.എ ഭാരവാഹികളിൽ നിന്നും ട്രോഫി ഏറ്റുവാങ്ങുന്നു.

## ഐ.എം.എ കൊച്ചി 'തനിമ 2024' : റിനൈ മെഡിസിറ്റി ചാംപ്യന്മാർ

**കൊച്ചി :** ഐ.എം.എ കൊച്ചിയുടെ നേതൃത്വത്തിൽ എറണാകുളം നഗരത്തിലെ ആശുപത്രികളിലെ ഡോക്ടർമാർക്കും കുടുംബാംഗങ്ങൾക്കുമായി സംഘടിപ്പിച്ച 'തനിമ 2024 'ഇന്റർ ഹോസ്പിറ്റൽ കൾച്ചറൽ ഫെസ്റ്റിന്റെ മൂന്നാമത് എഡിഷനിൽ റിനൈ മെഡിസിറ്റി ചാംപ്യന്മാരായി. മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ രണ്ടാം സ്ഥാനവും സൈമർ ദി വുമൺ ഹോസ്പിറ്റൽ മൂന്നാം സ്ഥാനവും കരസ്ഥമാക്കി. പാട്ട്, ഡാൻസ്, സ്കിറ്റ് എന്നിവ സമന്വയിപ്പിച്ച് സൂപ്പർ സ്റ്റാർ ജോഡി എന്ന പ്രമേയത്തിലായിരുന്നു കലാമേള ഒരുക്കിയത്. എസ്.എച്ച് കോളേജിൽ നിന്നുള്ള വിദഗ്ധരായിരുന്നു ജഡ്ജസ്. റിനൈ മെഡിസിറ്റി,മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ , സൈമർ ദി വുമൺ ഹോസ്പിറ്റൽ എന്നിവരെക്കൂടാതെ രാജഗിരി ഹോസ്പിറ്റൽ,ലിസി ഹോസ്പിറ്റൽ, ശ്രീസുധീന്ദ്ര മെഡിക്കൽ മിഷൻ ഹോസ്പിറ്റൽ, ആസ്റ്റർ മെഡിസിറ്റി എന്നിവരും പങ്കെടുത്തു. ഇതു കൂടാതെ ഐ.എം.എ കൊച്ചിയിലെ അംഗങ്ങളുടെ കുട്ടികളുടെ ഫാഷൻ ഷോയും കൊച്ചിൻ ഒപ്താൽമിക് സൊസൈറ്റി, വുമൺ ഐഎംഎ എന്നിവരുടെ സ്പെഷ്യൽ സ്കിറ്റും ഉണ്ടായിരുന്നു. സമാപന സമ്മേളനത്തിൽ ചലച്ചിത്ര സംവിധായകനും നടനുമായ ശ്രീകാന്ത് മുരളി വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു. ഐ.എം.എ കൊച്ചി പ്രസിഡന്റ് ഡോ.ജേക്കബ് എബ്രഹാം, സെക്രട്ടറി ഡോ. സച്ചിൻ സുരേഷ്, ട്രഷറർ ഡോ.ബെൻസിർ ഹുസൈൻ തുടങ്ങിയവർ നേതൃത്വം നൽകി.

# അപസ്മാരം ഘടകങ്ങൾ പലത് ജാഗ്രത വേണം





**ഡോ. ബി.പാർഥസാരഥി**
കൺസൾട്ടന്റ് ന്യൂറോളജിസ്റ്റ്
അപ്പോളോ അഡ്‌ലക്സ് ഹോസ്പിറ്റൽ, അങ്കമാലി

പൊതുവേ ധാരാളമായി കണ്ടുവരുന്ന ഒരു നാഡീ രോഗമാണ് എപിലെപ്സി അഥവാ അപസ്മാരം. നമുക്കിടയിലും നിരവധിപേർ ഈ മസ്തിഷരോഗത്താൽ പ്രയാസമനുഭവിക്കുന്നുണ്ട്. ലോകത്താകമാനം 5 കോടിയിലധികം അപസ്മാര രോഗബാധിതരുണ്ടെന്നാണ് ലോകാരോഗ്യ സംഘടനയുടെ കണക്കുകൾ വ്യക്തമാക്കുന്നത്.ശരീരത്തിൽ അടിക്കടിയുണ്ടാകുന്ന കോച്ചിപ്പിടുത്തമാണ് അപസ്മാരത്തിന്റെ പ്രധാന ലക്ഷണം. രണ്ടോ അതിൽ കൂടുതലോ തവണയുണ്ടാകുന്ന കാരണമില്ലാതെയുള്ള കോച്ചിപ്പിടുത്തതിനെ എപിലെപ്സി എന്ന് പറയാനാകും. അപസ്മാര രോഗമുള്ളവരിൽ മൂന്നിൽ രണ്ടുപേരും കുട്ടികളാണെന്നതും ശ്രദ്ധിക്കേണ്ടതുണ്ട്.

**അപസ്മാരത്തിനുള്ള കാരണങ്ങൾ**

ജനിതകമായ കാരണങ്ങൾ, തലച്ചോറിനുണ്ടാകുന്ന ക്ഷതം അല്ലെങ്കിൽ അണുബാധ, ഹൃദയാഘാതം, ബ്രെയിൻ ട്യൂമർ എന്നിങ്ങനെ പല ഘടകങ്ങളും അപസ്മാരത്തിന് കാരണമാകാറുണ്ട്. വൈദ്യുതി തരംഗങ്ങൾ മുഖേനയാണ് മസ്തിഷ്കവും, നാഡീവ്യൂഹവും മാംസപേശികളിലേക്കും ശരീരത്തിന്റെ മറ്റു ഭാഗങ്ങളിലേക്കുമുള്ള ജീവത്പ്രവർത്തന നിർദേശങ്ങൾ നൽകിക്കൊണ്ടിരിക്കുന്നത്. ഈ വൈദ്യുതി തരംഗങ്ങളിൽ പെട്ടെന്ന് എന്തെങ്കിലും തരത്തിലുള്ള വ്യതിയാനങ്ങളുണ്ടാകുമ്പോൾ പേശികളിലെ കോച്ചിപ്പിടുത്തം, ബോധം നഷ്ടപ്പെടുക, കണ്ണുകൾ മുകളിലേക്ക് മറയുക, കൈകാലുകളിലേയോ മുഖത്തെയോ പേശികളുടെ ക്രമഹിതമായ ചലനം, ഉച്ചത്തിൽ ശബ്ദങ്ങൾ പുറപ്പെടുവിക്കുക തുടങ്ങിയ സംഭവിക്കാറുണ്ട്.

**പ്രധാന ലക്ഷണങ്ങൾ**

പെട്ടെന്ന് സംഭവിക്കുന്ന ഞെട്ടിവിറക്കലും, കൈകാലുകളുടെയും മുഖപ്പടികളുടെയും അനിയന്ത്രിത ചലനങ്ങൾ എന്നിവ ഫിറ്റ്സ് ലക്ഷണങ്ങളാണ്. എന്നാൽ വിദഗ്ധ പരിശോധനയിലൂടെ മാത്രമാണ് രോഗം സ്ഥിരീകരിക്കുവാൻ സാധിക്കുക. രോഗമുണ്ടാകുന്ന സമയത്ത് രോഗിക്കൊപ്പമുണ്ടായിരുന്ന ആൾക്കാരുടെ വിവരണം, രോഗത്തിന് മുൻപായി രോഗിക്ക് അനുഭവപ്പെട്ട ബുദ്ധിമുട്ടുകൾ, രോഗാവസ്ഥ മാറാൻ എടുത്ത സമയം തുടങ്ങിയ കാര്യങ്ങൾ രോഗ നിർണയത്തിൽ ഏറെ പ്രധാനമാണ്.ഒരു തവണ ഫിറ്റ്സ് വന്നു എന്ന് കരുതി ഒരു വ്യക്തി അപസ്മാര രോഗിയാവണം എന്നില്ല. രക്തത്തിലെ പഞ്ചസാരയുടെ അളവ് കുറയുക (ഹൈപ്പോഗ്ലിസ്മിയ), സോഡിയത്തിന്റെ അളവ് കുറയുക, മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം തുടങ്ങിയ കാരണങ്ങൾ കൊണ്ടും ചിലപ്പോൾ ഫിറ്റ്സ് സംഭവിക്കാറുണ്ട്.ടെമ്പറൽ ലോബ് എപിലെപ്സി, ഫ്രോണ്ടൽ ലോബ് എപിലെപ്സി എന്നിങ്ങനെ പ്രത്യേകതരം അപസ്മാരങ്ങളുണ്ട്. തലച്ചോറിന്റെ ഏതുഭാഗത്തുനിന്നാണോ അപസ്മാരം ഉണ്ടാകുന്നത് അതനുസരിച്ചു വ്യത്യസ്ത രോഗലക്ഷണങ്ങളാകും രോഗി പ്രകടിപ്പിക്കുക. ശരീരത്തിന്റെ വശത്തു മാത്രം പെട്ടെന്ന് ഉണ്ടാകുന്ന മരവിപ്പ്, കുറച്ചു നേരം രോഗി പ്രതികരിക്കാതിരിക്കുക, ഒരു കയ്യോ കാലോ മാത്രം കോച്ചിപ്പിടിക്കുകയും വിറക്കുകയും ചെയുന്നത് അപസ്മാര രോഗലക്ഷണമാകാം.

**രോഗനിർണയം**

ശരിയായ രോഗനിർണയത്തിനായി ഒരു ന്യൂറോളജിസ്റ്റിൽനിന്നും വിദഗ്ധ ഉപദേശം തേടേണ്ടതുണ്ട്. രോഗലക്ഷണങ്ങൾ വിലയിരുത്തിയും ഇഇജി (ഇലക്ട്രോ ഇൻസെഫലോഗ്രാം), എംആർഐ സ്കാനിംഗ് തുടങ്ങിയ പരിശോധനകളിലൂടെയും ന്യൂറോളജിസ്റ്റിനു രോഗം നിർണയിക്കാൻ സാധിക്കും.

> **നമുക്കിടയിലും നിരവധിപേർ അപസ്മാര രോഗത്താൽ പ്രയാസമനുഭവിക്കുന്നുണ്ട്. ലോകത്താകമാനം 5 കോടിയിലധികം അപസ്മാര രോഗ ബാധിതരുണ്ടെന്നാണ് ലോകാരോഗ്യ സംഘടനയുടെ കണക്കുകൾ വ്യക്തമാക്കുന്നത്. ശരീരത്തിൽ അടിക്കടിയുണ്ടാകുന്ന കോച്ചിപ്പിടുത്തമാണ് അപസ്മാരത്തിന്റെ പ്രധാന ലക്ഷണം. രണ്ടോ അതിൽ കൂടുതലോ തവണയുണ്ടാകുന്ന കാരണമില്ലാതെയുള്ള കോച്ചിപ്പിടുത്തതിനെ എപിലെപ്സി എന്ന് പറയാനാകും. അപസ്മാര രോഗമുള്ളവരിൽ മൂന്നിൽ രണ്ടുപേരും കുട്ടികളാണെന്നതും ശ്രദ്ധിക്കേണ്ടതുണ്ട്.**

**ഫിറ്റ്സ് വന്നാൽ ഉടൻ ചെയ്യേണ്ടത് എന്ത്?**

ഒരു വ്യക്തിയുടെ വായിൽ നിന്ന് നുരയും പതയും വരുന്ന രീതിയിൽ ഫിറ്റ്സിന്റെ ലക്ഷണങ്ങളോടെ കണ്ടാൽ ആദ്യം ആ വ്യക്തിയ്ക്ക് നിലത്തുകിടക്കാവുന്ന രീതിയിൽ സൗകര്യം ഒരുക്കുക. വേണ്ടത്ര വായു സഞ്ചാരം ഉറപ്പുവരുത്തണം. ആളുകൾ ചുറ്റും കൂടിനിൽക്കരുത്. അബോധാവസ്ഥയിൽ വായിലെ നുരയും പതയും ശ്വാസകോശങ്ങളിൽ കടന്ന് ന്യൂമോണിയ പോലുള്ള രോഗങ്ങൾ ഉണ്ടാവാതിരിക്കാൻ രോഗിയെ ഒരുവശം ചെരിച്ചു കിടത്തുവാൻ ശ്രദ്ധിക്കുക. ഈ സമയത്ത് രോഗിയ്ക്ക് വെള്ളമോ മറ്റു പദാർത്ഥങ്ങളോ കൊടുക്കാതിരിക്കാൻ ശ്രദ്ധിക്കുക. മൃദുവായ തലയണ കഴുത്തിനു താഴെയായി വെക്കാം. രോഗി ഇറുകിയ വസ്ത്രമാണ് ധരിച്ചിരിക്കുന്നതെങ്കിൽ, കഴിയുമെങ്കിൽ അവ ലൂസാക്കി കൊടുക്കുക.രോഗി തന്റെ കൈകാലുകൾ നിലത്തിട്ട് അടിക്കുന്നുണ്ടെങ്കിൽ ബലം പ്രയോഗിച്ച് തടയാൻ ശ്രമിക്കരുത്. ശാരീരികക്ഷതങ്ങൾ ഉണ്ടാവാനുള്ള സാധ്യതകൾ ഏറെയാണ്. കൈകാലുകൾ സമീപത്തുള്ള ഏതെങ്കിലും വസ്തുക്കളിൽ തട്ടി രോഗിക്ക് ക്ഷതമേൽകാനുള്ള സാധ്യതയുണ്ട് എന്നതിനാൽ മൂർച്ചയുള്ളതോ അപകടകരമായതോ ആയ വസ്തുക്കൾ സമീപത്തുണ്ടെങ്കിൽ അവ എടുത്തു മാറ്റണം. എപിലെപ്സി രോഗമുള്ളവർക്ക് പെട്ടന്നുള്ള മരണം സംഭവിക്കുന്നു എന്നത് പ്രധാനപ്പെട്ട ഒരു വസ്തുതയാണ്. പ്രത്യേകിച്ചും ഉറക്കത്തിലുണ്ടാകുന്ന മരണം.

**ചികിത്സ**

അപസ്മാര രോഗം ഇന്ന് ചികിത്സയിലൂടെ ഭേദമാകാവുന്നതാണ്. ഒപ്പം, വരാതെയിരിക്കാനുള്ള പ്രതിരോധചികിത്സകളുമുണ്ട്. 70 ശതമാനം അപസ്മാരരോഗങ്ങളും മരുന്നുകളിലൂടെ ഭേദമാക്കാം. മരുന്നുകൾ ഫലവത്താകാത്ത കേസുകളിൽ ശസ്ത്രക്രിയയും നടത്താറുണ്ട്.

**പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

അപസ്മാരമുള്ള വ്യക്തികളെ ജോലിയിൽ നിന്നോ സാധാരണ സാമൂഹിക ജീവിതത്തിൽ നിന്നോ മാറ്റിനിർത്തേണ്ട കാര്യമില്ല. ജീവിതത്തിൽ കഴിവതും പ്രവർത്തന നിരതമായിരിക്കുന്നതു തന്നെയാണ് നല്ലത്. എന്നാൽ അപസ്മാരമുള്ളയാൾ ജീവിതത്തിൽ ചിട്ടകൾ പാലിക്കാൻ ശ്രദ്ധിക്കണം. ഉറക്കത്തിന്റെ കാര്യത്തിൽ വിട്ടുവീഴ്ച പാടില്ല. എല്ലാ ദിവസവും കൃത്യ സമയത്തു ഉറങ്ങുക, ചുരുങ്ങിയത് ഏഴര മണിക്കൂറെങ്കിലും ഉറങ്ങേണ്ടത് അനിവാര്യമാണ്. കൃത്യ സമയത്ത് ഭക്ഷണം കഴിക്കുക, വയറിന് അസ്വസ്ഥകളുണ്ടാകാത്ത ഭക്ഷണം മാത്രം കഴിക്കുക തുടങ്ങിയ കാര്യങ്ങളും ശ്രദ്ധിക്കേണ്ടതുണ്.



# കാഴ്ചപരിമിതരുടെ ക്രിക്കറ്റ് ആഗോള തലത്തിൽ വിപുലീകരിക്കും രജനീഷ് ഹെന്റി

**കൊച്ചി:** കാഴ്ച പരിമിതരുടെ ക്രിക്കറ്റിനെ പ്രോത്സാഹിപ്പിക്കുന്നതിന് അനുയോജ്യമായ അന്തരീക്ഷം സൃഷ്ടിക്കുമെന്ന് വേൾഡ് ബ്ലൈൻഡ് ക്രിക്കറ്റ് കൗൺസിൽ സെക്രട്ടറി ജനറലായി തെരഞ്ഞെടുക്കപ്പെട്ട രജനീഷ് ഹെന്റി അറിയിച്ചു. കൊച്ചിയിൽ ക്രിക്കറ്റ് അസോസിയേഷൻ ഫോർ ദി ബ്ലൈൻഡ് ഇൻ കേരള സംഘടിപ്പിച്ച് അനുമോദന ചടങ്ങിൽ സംസാരിക്കുകയായിരുന്നു രജനീഷ്. വേൾഡ് ബ്ലൈൻഡ് ക്രിക്കറ്റ് കൗൺസിലി (ഡബ്ല്യുബിസിസി) ന്റെ ഫിനാൻസ് ഡയറക്ടറായി തെരഞ്ഞെടുക്കപ്പെട്ട ചന്ദ്രശേഖർ കെ എന്നിനെയും ചടങ്ങിൽ ആദരിച്ചു. ക്രിക്കറ്റ് അസോസിയേഷൻ ഫോർ ബ്ലൈൻഡ് ഇൻ ഇന്ത്യ (സിഎബിഐ) യുടെ സ്ഥാപക അംഗമാണ് ചന്ദ്രശേഖർ കെ എൻ

അന്താരാഷ്ട്രതലത്തിൽ കാഴ്ചപരിമിതരുടെ ക്രിക്കറ്റിനെ പ്രോത്സാഹിപ്പിക്കും.യുഎസിലെയും യുഎഇയിലെയും പുരുഷവനിതാ ടീമുകളെ വികസിപ്പിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ച് വേൾഡ് ബ്ലൈൻഡ് ക്രിക്കറ്റ് കൗൺസിൽ കായികരംഗത്തിന്റെ ആഗോള വ്യാപനം വിപുലീകരിക്കാൻ ലക്ഷ്യമിടുന്നു. ഈ ലക്ഷ്യം കൈവരിക്കുന്നതിന്, ഈ പ്രദേശങ്ങളിലെ വളർന്നുവരുന്ന ടീമുകൾക്ക് സാങ്കേതിക പിന്തുണയും പരിശീലനവും മാർഗനിർദേശവും നൽകുന്നതിന് ഇന്ത്യ പോലുള്ള പ്രബലമായ കാഴ്ചപരിമിതരുടെ ക്രിക്കറ്റ് രാജ്യങ്ങളുടെ വൈദഗ്ധ്യവും വിഭവങ്ങളും ഡബ്ല്യുബിസിസി പ്രയോജനപ്പെടുത്തും. ഇതിനായുള്ള പ്രവർത്തനങ്ങൾക്ക് ക്രിക്കറ്റ് അസോസിയേഷൻ ഫോർ ദി ബ്ലൈൻഡ് ഇൻ ഇന്ത്യയും സമർത്ഥൻ ട്രസ്റ്റ് ഫോർ ദി ഡിസേബിൾഡും ചേർന്ന് തുടക്കമിട്ടു.ഡബ്ല്യുബിസിസിയുടെ ആസ്ഥാനം ലണ്ടനിൽ നിന്ന് ദുബായിലേക്ക് മാറ്റുന്നത് അന്താരാഷ്ട്ര ഹബ്ബ് എന്ന നിലയിൽ ദുബായിയുടെ പദവി നിലവിലുള്ള 11 അംഗരാജ്യങ്ങൾക്കും എളുപ്പത്തിൽ ആക്സസ് ചെയ്യാവുന്നതാക്കും. കൂടുതൽ ആശയവിനിമയവും സഹകരണവും പ്രോത്സാഹിപ്പിക്കും.അന്താരാഷ്ട്ര ബ്ലൈൻഡ് ക്രിക്കറ്റ് ടൂർണമെന്റുകൾക്കും ഇവന്റുകൾക്കും ആതിഥേയത്വം വഹിക്കാൻ ദുബായിലെ ലോകോത്തര ക്രിക്കറ്റ് സൗകര്യങ്ങൾ അനുയോജ്യമാണ്.ദുബായിലെ സുഗമമായ വിസ നടപടിക്രമങ്ങളും അസാധാരണമായ യാത്രാ ഇൻഫ്രാസ്ട്രക്ചറും അംഗരാജ്യങ്ങളുടെ പങ്കാളിത്തവും സഹകരണവും ലളിതമാക്കുമെന്നും രജനീഷ് ഹെന്റി അറിയിച്ചു.

സമർത്ഥൻ ട്രസ്റ്റ് ഫോർ ദി ഡിസേബിൾഡുമായി സഹകരിച്ച് കാഴ്ചപരിമിതർക്കായുള്ള ആദ്യ വനിതാ ടി20 ലോകകപ്പ് 2025 നവംബറിൽ ഒരു ന്യൂട്രൽ അല്ലെങ്കിൽ ഹൈബ്രിഡ് വേദിയിൽ സിഎബിഐ സംഘടിപ്പിക്കും. ഇത് ആഗോളതലത്തിൽ കാഴ്ചാ പരിമിതരുടെ ക്രിക്കറ്റിനെ മുന്നോട്ട് കൊണ്ടുപോകുന്നതിലും കാഴ്ച വൈകല്യമുള്ള കളിക്കാരെ ശാക്തീകരിക്കുന്നതിലും പ്രോത്സാഹിപ്പിക്കുന്നതിലും ഇന്ത്യയുടെ സുപ്രധാന പങ്കിന് അടിവരയിടുന്നതാണ് .

ഡിസംബർ 2ന് പാക്കിസ്ഥാനിലെ മുൾട്ടാനിൽ നടന്ന ഡബ്ല്യുബിസിസി യുടെ 26ാമത് വാർഷിക പൊതുയോഗത്തിൽ രജനീഷ് ഹെന്റിയെ സെക്രട്ടറി ജനറലായി ഏകകണ്ഠമായി തിരഞ്ഞെടുത്തത്. കേരള ക്രിക്കറ്റ് അസോസിയേഷൻ പ്രസിഡന്റ് ജയേഷ് ജോർജ്ജ്, നാവിയോ ഷിപ്പിംഗ് കമ്പനി ചെയർമാൻ ശ്രീ അജയ് തമ്പി എന്നിവർ ആദരിക്കൽ ചടങ്ങിൽ പങ്കെടുത്തു.

# ബാംബൂ ഫെസ്റ്റിന് തുടക്കമായി

**കൊച്ചി:** സംസ്ഥാന ബാംബൂ മിഷൻ സംഘടിപ്പിക്കുന്ന 21ാമത് കേരള ബാംബൂ ഫെസ്റ്റിന് തുടക്കമായി. മന്ത്രി പി.രാജീവ് ഉദ്ഘാടനം ചെയ്തു. എറണാകുളം മറൈൻ ഡ്രൈവിൽ 12 വരെയാണ് ഫെസ്റ്റ്. മുള മേഖലയിലെ കരകൗശല നിർമാതാക്കളും സർക്കാർ ഗവേഷണ സ്ഥാപനങ്ങളും ഫെസ്റ്റിൽ പങ്കെടുക്കുന്നുണ്ട്.

രാവിലെ 10.30 മുതൽ രാത്രി 8.30 വരെയാണ് മേള. പ്രവേശനം സൗജന്യം. കേരളത്തിനകത്തും പുറത്തുനിന്നുമായി 180 സ്റ്റാളുകളുണ്ട്. ബാംബൂ ഗാലറിയും സജ്ജമാക്കിയിട്ടുണ്ട്. ഭൂട്ടാനിൽ നിന്നുള്ള ബാംബൂ കരകൗശല നിർമാതാക്കളും മേളയിൽ പങ്കെടുക്കുന്നുണ്ട്.

ഫെസ്റ്റ് ദിവസങ്ങളിൽ വൈകുന്നേരം മുളവാദ്യോപകരണങ്ങൾ ഉപയോഗിച്ചുള്ള കലാ സാംസ്കാരിക പരിപാടികൾ ഉണ്ടായിരിക്കുന്നതാണ്. ടി.ജെ. വിനോദ് എംഎൽഎ അധ്യക്ഷത വഹിച്ച ചടങ്ങിൽ ഹൈബി ഈഡൻ എംപി, വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എ.പി.എം. മുഹമ്മദ് ഹനീഷ്, കളക്ടർ എൻ.എസ്.കെ. ഉമേഷ്, ഐഐഎം ഇൻഡോർ ഡയറക്ടർ ഹിമാൻഷു റായ്, സംസ്ഥാന ബാംബൂ കോർപറേഷൻ ചെയർമാൻ ടി.കെ. മോഹനൻ തുടങ്ങിയവർ പങ്കെടുത്തു.



# കേരളോത്സവത്തിന് തുടക്കമായി

**ആലുവ:** നഗരസഭ 2024 കേരളോത്സവത്തിന് ആലുവ നഗരസഭ മുനിസിപ്പൽ സ്റ്റേഡിയത്തിൽ ഫുട്ബോൾ മത്സരത്തോടുകൂടി കേരളോത്സവത്തിന് തുടക്കമായി. മുൻസിപ്പൽ ചെയർമാൻ എം ഒ ജോൺ ഉദ്ഘാടനം നിർവഹിച്ചു.

വിദ്യാഭ്യാസ കലാകായിക സ്റ്റാൻഡിങ് കമ്മിറ്റി കമ്മിറ്റി ചെയർമാൻഫാസിൽ ഹുസൈൻ അധ്യക്ഷത നിർവഹിച്ചു വൈസ് ചെയർപേഴ്സൺ സൈജി ജോളി വികസനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ലത്തീഫ് പുഴിത്തറ, , ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ മിനി ബൈജു, കൗൺസിലർ കെ കെ.ജയകുമാർ, പി എച്ച് ഐ അജിത് ബി,പ്രസാദ് എം എ,തോമസ് പോൾ, സി വി മുരളീധരൻ നായർഎന്നിവർ പങ്കെടുത്തു.

# വൈത്തിരി താലൂക്ക് ആശുപത്രിയിൽ സമ്പൂർണ ഇടുപ്പ് മാറ്റിവയ്ക്കൽ ശസ്ത്രക്രിയ വിജയം

വൈത്തിരി: വയനാട് വൈത്തിരി താലൂക്ക് ആസ്ഥാന ആശുപത്രിയിൽ സമ്പൂർണ ഇടുപ്പ് സന്ധി മാറ്റിവയ്ക്കൽ ശസ്ത്രക്രിയ വിജയകരമായി പൂർത്തീകരിച്ചു. പൊഴുതന സ്വദേശിനിയായ 71 വയസുകാരിയ്ക്കാണ് ഇടുപ്പ് മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തിയത്. സ്വകാര്യ ആശുപത്രിയിൽ ലക്ഷങ്ങൾ ചിലവ് വരുന്ന ശസ്ത്രക്രിയ സർക്കാരിന്റെ ആരോഗ്യ സുരക്ഷ പദ്ധതിയിലുൾപ്പെടുത്തി പൂർണമായും സൗജന്യമായാണ് പൂർത്തീകരിച്ചത്. ഈ സർക്കാരിന്റെ കാലത്ത് പ്രവർത്തനസജ്ജമാക്കിയ കെട്ടിട സമുച്ചയത്തിലെ ഓപ്പറേഷൻ തീയറ്ററിലാണ് ശസ്ത്രക്രിയ നടത്തിയത് എന്ന പ്രത്യേകതയുമുണ്ട്. രണ്ട് മാസം കൊണ്ട് 22 മുട്ടുമാറ്റിവയ്ക്കൽ ശസ്ത്രക്രിയകളാണ് ഇവിടെ നടത്തിയത്.

വിജയകരമായ ശസ്ത്രക്രിയ നടത്തിയ മുഴുവൻ ടീം അംഗങ്ങളേയും ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് അഭിനന്ദിച്ചു. രോഗിയുമായി മന്ത്രി സംസാരിച്ചു. ടി. സിദ്ദിഖ് എംഎൽഎയുടെ ഫോണിലൂടെ വീഡിയോ കോൾ മുഖേനയാണ് മന്ത്രി ആശുപത്രിയിലെ രോഗിയുമായി സംസാരിച്ചത്.

ഇടുപ്പുവേദനയെ തുടർന്നാണ് വൈത്തിരി താലൂക്ക് ആസ്ഥാന ആശുപത്രിയിൽ 71 കാരിയായ തങ്കം ചികിത്സ തേടിയത്. ഇടുപ്പ് വേദന കാരണം നടക്കുവാനോ ദൈനംദിന കാര്യങ്ങൾ നിർവഹിക്കുവാനോ സാധിക്കാത്ത അവസ്ഥയിലാണ് അവർ ആശുപത്രിയിൽ ചികിത്സ തേടിയെത്തിയത്. പരിശോധനയിൽ ഇടുപ്പ് സന്ധി പൂർണമായും തേയ്മാനം ബാധിച്ച് നശിച്ചതായി കണ്ടെത്തി. ഇതിനെത്തുടർന്നാണ് സങ്കീർണമായ ഇടുപ്പ് മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ഡോക്ടർമാർ നിർദ്ദേശിച്ചത്. വിജയകരമായ ശസ്ത്രക്രിയയ്ക്ക് ശേഷം രോഗി സുഖം പ്രാപിച്ചു വരുന്നു.

വയനാട് ജില്ലയിലെ രണ്ടാമത്തെ ഇടുപ്പ് മാറ്റിവയ്ക്കൽ ശസ്ത്രക്രിയയാണ് വൈത്തിരി താലൂക്ക് ആശുപത്രിയിൽ നടത്തിയത്. കഴിഞ്ഞ വർഷം മാനന്തവാടി മെഡിക്കൽ കോളേജിൽ സിക്കിൾ സെൽ രോഗിക്ക് ഇടുപ്പ് മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തിയിരുന്നു. ജില്ലയിലെ താലൂക്ക് ആശുപത്രിയിലെ ആദ്യത്തെ ഇടുപ്പ് മാറ്റിവയ്ക്കൽ ശസ്ത്രക്രിയയാണിത്.

ഓർത്തോപീഡിക്സ് വിഭാഗത്തിലെ ഡോക്ടർമാരായ ഡോ. രാജഗോപാലൻ, ഡോ. നിഖിൽ നാരായണൻ, അനസ്തേഷ്യ വിഭാഗം ഡോക്ടർമാരായ ഡോ. സക്കീർ ഹുസൈൻ, ഡോ. സ്വാതി സുതൻ എന്നിവർ ശസ്ത്രക്രിയക്ക് നേതൃത്വം നൽകി. ഡോ. ജെയിൻ, ഹെഡ് നഴ്സ് റെജി മോൾ, നഴ്സിംഗ് ഓഫീസർമാരായ മിനു ദേവസ്യ, അശ്വതി ചന്ദ്രൻ, അനസ്തേഷ്യ ടെക്നീഷ്യൻ അഭിജിത്ത്, നഴ്സിംഗ് അസിസ്റ്റന്റ്മാരായ റസിയ, ഷിജി എന്നിവരടങ്ങുന്ന സംഘമാണ് ഇടുപ്പ് മാറ്റിവെക്കൽ ശസ്ത്രക്രിയ വിജയകരമായി പൂർത്തീകരിച്ചത്.



സൊസൈറ്റി ടുഡേ
SOCIETY TODAY




# പരിവർത്തൻപ്രിസൺ റ്റു പ്രൈഡ്; ഒമ്പതാം ഘട്ടം ഐഒസി ഉദ്ഘാടനം ചെയ്തു

**മുംബൈ:** രാജ്യത്തെ ജയിലുകളിലും ജുവൈനൽ ഹോമുകളിലും ശിക്ഷ അനുഭവിക്കുന്നവരുടെ പുനരധിവാസത്തിനും ക്ഷേമത്തിനുമായുള്ള ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ പദ്ധതിയായ പരിവർത്തൻപ്രിസൺ റ്റു പ്രൈഡിന്റെ ഒമ്പതാം ഘട്ടവും നയി ദിശ പുനർനിർവചിക്കുന്ന ഭാവിയുടെ ആറാം ഘട്ടവും ഐഒസി ചെയർമാൻ എ എസ് സാഹ്നി ഉദ്ഘാടനം ചെയ്തു. ഈ ഘട്ടത്തിൽ രാജ്യത്തെ 28 ജയിലുകളിലും 14 ജുവൈനൽ ഹോമുകളിലും കഴിയുന്ന1650ലധികം പേർ പദ്ധതിയുടെ ഗുണഭോക്താക്കളാകും. കഴിഞ്ഞ 38 മാസത്തിനിടെ ഐഒസി ഈ പദ്ധതി 29 സംസ്ഥാനങ്ങളിലേക്കും കേന്ദ്രഭരണപ്രദേശങ്ങളിലേക്കും വ്യാപിപ്പിക്കുക വഴി 7300ലധികം തടവുകാരുടെ ക്ഷേമത്തിനായി പ്രവർത്തിച്ചിട്ടുണ്ട്.

2021 ഓഗസ്റ്റ് 15ന് ആസാദി കാ അമൃത് മഹോത്സവത്തിന്റെ ഭാഗമായാണ് പരിവർത്തൻപ്രിസൺ റ്റു പ്രൈഡ് ആരംഭിച്ചത്. ഇതിന്റെ ആദ്യഘട്ടം 2023 ജനുവരി 26ന് റിപ്പബ്ലിക് ദിനത്തിൽ ആരംഭിച്ചു.

പദ്ധതിയുടെ ഭാഗമായി രാജ്യത്താകെ 8950 ജയിൽജുവൈനൽ ഹോം അന്തേവാസികൾക്ക് വിവിധ കായിക ഇനങ്ങളിൽ പരിശീലനവും കിറ്റുകൾ അടക്കമുള്ള സ്പോർട്സ് സാമഗ്രികളും നൽകുന്നു. 2024ൽ നാലാമത് ഫിഡെ ഇന്റർകോണ്ടിനെന്റൽ ഓൺലൈൻ ചെസ് ചാമ്പ്യൻഷിപ്പിൽ ഐഒസി പരിശീലനം നേടിയ ഭോപ്പാൽ ജുവൈനൽ ഹോമിലെ അന്തേവാസി സ്വർണ്ണവും ഏലൂർ ജുവൈനൽ ഹോമിലെ അന്തേവാസി വെങ്കലവും നേടി.

പ്രിസൺ റ്റു പ്രൈഡ് പദ്ധതിക്ക് 2023ലെ സ്പോർട്സ് സ്റ്റാർ ഏസസ് ചെയർപേഴ്സൺ അവാർഡ്, ഏഷ്യ പസഫിക് സ്റ്റീവി അവാർഡ് തുടങ്ങിയവ ലഭിച്ചിട്ടുണ്ട്. "കഴിഞ്ഞ 38 മാസത്തിനിടെ ഈ പദ്ധതി 29 സംസ്ഥാനങ്ങളിലും കേന്ദ്ര ഭരണ പ്രദേശങ്ങളിലുമായി 150 ഇടങ്ങളിലെ 7300ലധികം അന്തേവാസികളുടെ ജീവിതത്തെ സ്വാധീനിച്ചിട്ടുണ്ട്.

ഈ ശ്രമങ്ങൾ ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ 'നാഷൻ ഫസ്റ്റ് എന്ന ആശയത്തെ ശരിവയ്ക്കുന്നു, ഈ പദ്ധതി പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരാനുള്ള ശ്രമങ്ങളുടെ ഭാഗമായാണ് നടത്തുന്നതെന്ന് ചെയർമാൻ എ എസ് സാഹ്നി പറഞ്ഞു.

## തൊഴിലാളികളുടെ കാഴ്ചാ പരിശോധനയ്ക്ക് സ്പ്രിംഗ് ഫൗണ്ടേഷനും പ്ലാന്റേഴ്സ് അസോസിയേഷനും

**കൊച്ചി:** കേരളം, തമിഴ്നാട്, കർണാടക സംസ്ഥാനങ്ങളിലെ രണ്ട് ലക്ഷത്തിലേറെ തേയില, കാപ്പി തോട്ടം തൊഴിലാളികളുടെ കാഴ്ചാ പരിശോധനയ്ക്കും കണ്ണട വിതരണത്തിനുമായി വിഷൻ സ്പ്രിംഗ് ഫൗണ്ടേഷനും യുണൈറ്റഡ് പ്ലാന്റേഴ്സ് അസോസിയേഷൻ ഓഫ് സതേൺ ഇന്ത്യയും (യുപിഎഎസ്ഐ) കൈകോർക്കുന്നു. 2028ഓടെ ഈ സംസ്ഥാനങ്ങളിലെ തോട്ടം തൊഴിലാളികളുടെ കാഴ്ചാ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാണ് ലൈവ്ലിഹുഡ് ഇൻ ഫോക്കസ് എന്ന പേരിൽ പദ്ധതി നടപ്പിലാക്കുന്നത്. തേയില, കൊക്കോ, കാപ്പി, തോട്ടം തൊഴിലാളികളുടേയും കൈപ്പണിക്കാരുടേയും കാഴ്ചാ പ്രശ്നങ്ങൾ പരിഹരിച്ച് ഉൽപ്പാദനക്ഷമത വർധിപ്പിക്കുന്നതിനാണ് ഈ പദ്ധതി രൂപകൽപ്പന ചെയ്തിരിക്കുന്നത്. കണ്ണിന്റെ ആരോഗ്യ സംരക്ഷണത്തിനാണ് വിഷൻ സ്പ്രിംഗ് ഫൗണ്ടേഷൻ ഈ പദ്ധതി ഒരുക്കിയിരിക്കുന്നത്. തോട്ടം തൊഴിലാളികളുടെ ലയങ്ങളിലെത്തി കാഴ്ചാ പരിശോധനാ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിലൂടെ തൊഴിലാളികളുടെ കാഴ്ചാ പ്രശ്നങ്ങൾക്ക് പരിഹാരമാകും. ഇത് ഇവരുടെ ജീവിതത്തിൽ വളരെ ഗുണപരമായ മാറ്റങ്ങളുണ്ടാക്കുമെന്ന് വിഷൻ സ്പ്രിംഗ് ഫൗണ്ടേഷൻ മാനേജിങ് ഡയറക്ടർ അൻഷു തനേജയും യുപിഎഎസ്ഐ സെക്രട്ടറി ജനറൽ സഞ്ജിത് നായരും അഭിപ്രായപ്പെട്ടു.

## കെഎസ്ഒഎസ്: ഭാരവാഹികളെ തിരഞ്ഞെടുത്തു

**കൊച്ചി:** 2024-25 കാലയളവിലെ കേരള സൊസൈറ്റി ഓഫ് ഒഫ്താൽമിക് സർജൻസിന്റെ (കെഎസ്ഒഎസ്സിന്റെ) 51ാമത് പ്രസിഡന്റായി ഡോ. ജി മഹേഷിനെയും സെക്രട്ടറിയായി ഡോ. ബിജു ജോൺ .സി യെയും തിരഞ്ഞെടുത്തു. കൊച്ചി ഗിരിധർ ഐ ഇൻസ്റ്റിറ്റ്യൂട്ടിന്റെ വിട്രിയോ റെറ്റിന വിഭാഗം തലവനാണ് ഡോ. ജി മഹേഷ്. കൊല്ലം ഗവ മെഡിക്കൽ കേളേജിൽ സേവന മനുഷ്ഠിക്കുകയാണ് ഡോ. ബിജു ജോൺ .സി




ഡോ. ജി മഹേഷ്, ഡോ. ബിജു ജോൺ.സി

# കേരള ലിറ്ററേച്ചർ ഫെസ്റ്റിവൽ എട്ടാം പതിപ്പ്; അതിഥി രാജ്യമാകാൻ ഫ്രാൻസ്, പ്രഖ്യാപനം കർട്ടൻ റെയ്സർ വേദിയിൽ

**ന്യൂഡൽഹി:** ഏഷ്യയിലെ ഏറ്റവും വലിയ സാഹിത്യോത്സവമായ കേരള ലിറ്ററേച്ചർ ഫെസ്റ്റിവൽ എട്ടാം പതിപ്പിന്റെ അതിഥി രാജ്യമാകാൻ ഫ്രാൻസ്. ഡൽഹിയിലെ ലോധി എസ്റ്റേറ്റിൽ നടന്ന കർട്ടൻ റെയ്സർ ചടങ്ങിൽ വച്ചാണ് അതിഥി രാജ്യത്തെ പ്രഖ്യാപിച്ചത്. ഇന്ത്യയിലെ ഫ്രാൻസ് അംബാസഡർ തിയറി മാത്തൂ വിശിഷ്ടാഥിതിയായിരുന്നു. ഡിസി ബുക്ക്സ് സിഇഒയും കേരള ലിറ്ററേച്ചർ ഫെസ്റ്റിവൽ ചീഫ് ഫെസിലിറ്റേറ്ററുമായ ഡി.സി രവി, ഇന്ത്യയിലെ പ്രമുഖ എഴുത്തുകാർ, പ്രസാധകർ, മാധ്യമപ്രവർത്തകർ തുടങ്ങി വിവിധ മേഖലകളിലുള്ളവർ ചടങ്ങിൽ പങ്കെടുത്തു.

'ആഴത്തിലുള്ള സംസ്കാരമുള്ള നഗരമാണ് കോഴിക്കോട്. 1490 കളിൽ വാസ്കോ ഡ ഗാമ വന്നിറങ്ങിയ നഗരം കൂടിയാണിത്. കേരളം എന്താണ് വാഗ്ദാനം ചെയ്യുന്നതെന്ന് കാണാനായി നിങ്ങൾക്കെല്ലാവർക്കും സ്വാഗതം. സാഹിത്യത്തിന് ആതിഥ്യമരുളുന്ന സ്ഥലമാണ് കേരളം. വായിക്കാൻ ഇഷ്ടപ്പെടുന്ന, സമ്പൂർണ സാക്ഷരതയുള്ള ആളുകളാണ് ഞങ്ങൾ. കേരള ലിറ്ററേച്ചർ ഫെസ്റ്റിവൽ നിങ്ങൾക്ക് വളരേ മികച്ച ഒരു അനുഭവമായിരിക്കും സമ്മാനിക്കുക.' അതിഥികളോട് കേരളത്തെപ്പറ്റി സംസാരിക്കുന്നതിനിടയിൽ ശശി തരൂർ എം പി പറഞ്ഞു.

ഫ്രഞ്ച് അംബാസഡർ തിയറി മാത്തൂവും ചടങ്ങിൽ സന്നിഹിതനായിരുന്നു.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള പ്രഭാഷകർ ഉൾപ്പടെ അഞ്ഞൂറിലധികം പ്രഭാഷകർ പങ്കെടുക്കുന്ന ലിറ്ററേച്ചർ ഫെസ്റ്റിവൽ കേരള മുഖ്യമന്ത്രി പിണറായി വിജയൻ ഉൽഘാടനം നിർവഹിച്ചുകൊണ്ട് സാഹിത്യ നഗരിയായ കോഴിക്കോട് കടപ്പുറത്ത് ആരംഭിക്കും. മുൻ വർഷങ്ങളിൽ നിന്ന് വ്യത്യസ്തമായി 9 ദിവസങ്ങളിലായാണ് ഗഘഎ. ജനുവരി 18 മുതലായിരിക്കും ഫെസ്റ്റിവലിന് ആരംഭം കുറിക്കുക. സാഹിത്യത്തിന് പുറമെ സ്പോർട്സ്, ഇസ്പോർട്സ് സിനിമ, ചരിത്രം, സംഗീതം, ആരോഗ്യം, ഭക്ഷണം, രാഷ്ട്രീയം തുടങ്ങി ആർട്ടിഫിഷ്യൽ ഇന്റെലിജെൻസ് വരെ ഇത്തവണത്തെ ഗഘ എ ൽ പ്രധാന വിഷയങ്ങളാകുന്നുണ്ട്. ജനുവരി 23 മുതലായിരിക്കും സെഷനുകൾ ആരംഭിക്കുക. ഡി സി കിഴക്കെമുറി ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന ഈ സാഹിത്യോത്സവത്തിൽ സമകാലിക കലാസാഹിത്യസാംസ്കാരികസാമൂഹിക വിഷയങ്ങളിൽ സജീവമായ ചർച്ചകൾക്കും സംവാദങ്ങൾക്കും വഴിയൊരുക്കിക്കൊണ്ട് പ്രമുഖർ പങ്കെടുക്കും.





# വിദ്യാഭ്യാസസ്ഥാപനങ്ങളിൽ സാനിറ്ററി നാപ്പ്കിൻ ഇൻസിനറേറ്ററുകൾ സ്ഥാപിച്ച് ജോയ്ആലുക്കാസ് ഫൗണ്ടേഷൻ

**തൃശൂർ:** വിദ്യാർത്ഥിനികളുടെ സാനിറ്റേഷൻ സൗകര്യങ്ങൾ മെച്ചപ്പെടുത്തി ആരോഗ്യ പരിരക്ഷ ഉറപ്പു വരുത്തുന്നതിന്റെ ഭാഗമായി ജോയ്ആലുക്കാസ് ഫൗണ്ടേഷൻ ജില്ലയിലെ 10 വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സാനിറ്ററി നാപ്പ്കിൻ ഇൻസിനറേറ്ററുകൾ സ്ഥാപിച്ചു. ആർത്തവ ശുചിത്വം പ്രോത്സാഹിപ്പിക്കുകയും, ആരോഗ്യകരവും കൂടുതൽ സുഖപ്രദവുമായ പഠന അന്തരീക്ഷം സൃഷ്ടിക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെയാണ് പദ്ധതി നടപ്പാക്കിയിരിക്കുന്നത്.

സാമൂഹിക പ്രതിബദ്ധതാ പ്രവർത്തനങ്ങളിൽ മുൻനിരയിലുള്ള ജോയ് ആലുക്കാസ് ഫൗണ്ടേഷൻ ഹോളി ഫാമിലി സി .ജി.എച്ച് സ്കൂൾ, ചെമ്പുകാവ്, സർക്കാർ മോഡൽ ഗേൾ സ് വി.എച്ച്.എസ് സ്കൂൾ, സർക്കാർ വനിതാ പോളിടെക്നിക് കോളേജ്, നേടുപുഴ, ശ്രീ ശാരദ ഗേൾസ് എച്ച്.എസ് സ്കൂൾ, പുരാനാട്ടുകര, സെന്റ് മേരീസ് ഗേൾസ് ഹൈസ്കൂൾ, ചൊവന്നൂർ, സി.എൻ.എൻ ഗേൾസ് ഹൈസ്കൂൾ, ചേർപ്പ്, ഗവണ്മെന്റ് ഗേൾസ് എച്ച്.എസ് സ്കൂൾ, ഇരിങ്ങാലക്കുട, സെന്റ് ജോസഫ്സ് കോളേജ് (ഓട്ടോണമസ്), ഇരിങ്ങാലക്കുട, സെന്റ് മേരീസ് ഗേൾസ് എച്ച്.എസ് സ്കൂൾ, കുഴിക്കാട്ടുശ്ശേരി, സേക്രഡ് ഹാർട്ട് കോളേജ് (ഓട്ടോണമസ് ), ചാലക്കുടി തുടങ്ങിയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലാണ് സാനിറ്ററി നാപ്പ്കിൻ ഇൻസിനറേറ്ററുകൾ സ്ഥാപിച്ചു നൽകിയത്. ജോയ്ആലുക്കാസ് ഫൗണ്ടേഷൻ പ്രതിനിധികളായ റിബിൻ, ജെയ്സൺ, മൈ റേഡിയോ 90 എഫ് എം പ്രതിനിധി സുബ്ബു ബിനി രാംദാസ് തുടങ്ങിയവർ പരിപാടിയിൽ പങ്കെടുത്തു.

ആർത്തവകാലങ്ങളിൽ പാലിക്കേണ്ട വ്യക്തി ശുചിത്വത്തിന്റെ ആവശ്യകതയെക്കുറിച്ച് വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കേണ്ടത് അത്യാവശ്യമാണെന്ന് ജോയ്ആലുക്കാസ് ഫൗണ്ടേഷൻ ഡയറക്ടർ ജോളി ജോയ് പറഞ്ഞു. സിഎസ്ആർ പ്രവർത്തനങ്ങളിലൂടെ ഈ പദ്ധതിയുടെ ഭാഗമാവാൻസാധിച്ചതിൽ അഭിമാനമുണ്ടെന്നും ജോളി ജോയ് കൂട്ടിച്ചേർത്തു.

# നിബാവ് ഹോം ലിഫ്റ്റ്സ് നിർമ്മാണ കേന്ദ്രം ഉദ്ഘാടനം ചെയ്തു

**കൊച്ചി :** ഏഷ്യയിലെ ഏറ്റവും വലിയ ഹോം എലിവേറ്റർ ബ്രാൻഡായ നിബാവ് ഹോം ലിഫ്റ്റ്സ്, ചെന്നൈയിൽ അതിന്റെ അഞ്ചാമത്തെയും ഏറ്റവും വലുതുമായ ഉൽപ്പാദന കേന്ദ്രം ഉദ്ഘാടനം ചെയ്തു. ഇതോടെ കമ്പനി അതിന്റെ എല്ലാ നിർമ്മാണ കേന്ദ്രങ്ങളിൽ നിന്നുമുള്ള മൊത്തത്തിലുള്ള ഉൽപ്പാദന ശേഷി പ്രതിവർഷം 7,500 യൂണിറ്റിൽ നിന്ന് 15,000 യൂണിറ്റായി ഉയർത്തി. സിപ്പ്കോട്ട് ഇരുങ്ങാട്ടുകോട്ടയിൽ സ്ഥിതി ചെയ്യുന്ന അത്യാധുനിക യൂണിറ്റ് 1,00,000 ചതുരശ്ര അടിയിൽ വ്യാപിച്ചുകിടക്കുന്നു. കമ്പനിയുടെ ഏറ്റവും പുതിയ ഹോം എലിവേറ്റർ ശ്രേണിയായ നിബാവ് സീരീസ് 4 മാത്രം ഇവിടെ നിർമ്മിക്കും.

# സായ് ലൈഫ് സയൻസസ് ലിമിറ്റഡ് ഐപിഒ ഡിസംബർ 11 മുതൽ

**കൊച്ചി:** സായ് ലൈഫ് സയൻസസ് ലിമിറ്റഡിന്റെ പ്രാഥമിക ഓഹരി വിൽപന (ഐപിഒ) 2024 ഡിസംബർ 11 മുതൽ 13 വരെ നടക്കും. 950 കോടി രൂപയുടെ പുതിയ ഓഹരികളും നിലവിലുള്ള നിക്ഷേപകരുടെ 38,116,934 ഇകിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

ഒരു രൂപ മുഖവിലയുള്ള ഓഹരി ഒന്നിന് 522 രൂപ 549 മുതൽ രൂപ വരെയാണ് പ്രൈസ് ബാൻഡ് നിശ്ചയിച്ചിരിക്കുന്നത്. കുറഞ്ഞത് 27 ഇകിറ്റി ഓഹരികൾക്കും തുർന്ന് 27ന്റെ ?ഗുണിതങ്ങൾക്കും അപേക്ഷിക്കാം. ഓഹരികൾ എൻഎസ്ഇയിലും ബിഎസ്ഇയിലും ലിസ്റ്റ് ചെയ്യും.

കൊട്ടക് മഹീന്ദ്ര ക്യാപിറ്റൽ കമ്പനി ലിമിറ്റഡ്, ഐഐഎഫ്എൽ ക്യാപിറ്റൽ സർവീസസ് ലിമിറ്റഡ്, ജെഫറീസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, മോർഗൻ സ്റ്റാൻലി ഇന്ത്യ കമ്പനി പ്രൈവറ്റ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

# ഊരാളുങ്കൽ സൊസൈറ്റിയുടെ മാറ്റർ ലാബിന് എൻഎബിഎൽ അക്രഡിറ്റേഷൻ

**കൊച്ചി:** ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോ ഓപ്പറേറ്റീവ് സൊസൈറ്റി (യുഎൽസിസിഎസ്) യുടെ സംരംഭമായ മാറ്റർ ലാബിന് ആയിരത്തോളം അംഗീകൃത ടെസ്റ്റുകൾ നടത്താനുള്ള നാഷണൽ അക്രഡിറ്റേഷൻ ബോഡി ഫോർ ലബോറട്ടറീസിന്റെ അംഗീകാരം ലഭിച്ചു.

നിർമാണ പ്രവർത്തനങ്ങൾക്കാവശ്യമായ നിരവധി അംഗീകൃത മെറ്റീരിയൽ ടെസ്റ്റിംഗ് സേവനങ്ങൾ കാര്യക്ഷമതയോടെ ലഭ്യമാക്കുവാൻ ഇപ്പോൾ മാറ്റർ ലാബിന് കഴിയുമെന്ന് യുഎൽസിസിഎസ് മാറ്റർ ലാബ് ജനറൽ മാനേജർ ഫ്രെഡി സോമൻ പറഞ്ഞു.. 2022ൽ സ്ഥാപിതമായ ദക്ഷിണേന്ത്യയിലെ ഏറ്റവും വലുതും ആധുനികവുമായ പരിശോധനാ ലബോറട്ടറിയായ മാറ്റർ ലാബിന് നടത്താൻ കഴിയുന്ന അംഗീകൃത ടെസ്റ്റുകളുടെ എണ്ണം 100ൽ നിന്ന് 1000 ത്തോളമായി വർധിച്ചു.സിവിൽ എൻജിനീയറിംഗിൻറെ അടിത്തറയാണ് മെറ്റീരിയൽ ടെസ്റ്റിംഗ്. നിർമാണങ്ങളുടെ ശക്തിയും ദീർഘായുസും ഉറപ്പാക്കുന്ന നിർണായക പ്രക്രിയയാണ് മെറ്റീരിയൽ ടെസ്റ്റിംഗ്. ഐഎസ്ഒ 17025:2017 നിലവാരത്തിലുള്ള എൻഎബിഎൽ അംഗീകൃത ടെസ്റ്റിംഗ് ലബോറട്ടറി ആയ മാറ്റർ ലാബിൽ നിക്ഷ്പക്ഷത, രഹസ്യാത്മകത, സമഗ്രത എന്നിവയ്ക്ക് പ്രധാന്യം നൽകിയാണ് റിപ്പോർട്ടുകൾ തയാറാക്കുന്നത്.നിർമാണങ്ങളുടെ സമഗ്രത, ഈട്, സുരക്ഷ എന്നിവ ഉറപ്പാക്കുന്നത് മെറ്റീരിയൽ ടെസ്റ്റിംഗിലൂടെയാണ്. കോൺക്രീറ്റ് വിശകലനം ചെയ്യുന്നത് മുതൽ മണ്ണിൻറെ ഗുണങ്ങൾ വിലയിരുത്തുന്നത് വരെ, നിർമാണത്തിൻറെ ഓരോ ഘട്ടത്തിലും കൃത്യമായ പരിശോധനകൾ നടക്കുന്നുണ്ട്.നൂറു ടെസ്റ്റുകളിൽ നിന്ന് ഇപ്പോൾ ആയിരത്തോളം അംഗീകൃത ടെസ്റ്റുകളായി മാറ്റർ ലാബിൻറെ സാധ്യതകൾ വിപുലീകരിക്കുന്നതിൽ അങ്ങേയറ്റം സന്തോഷമുണ്ടന്നും ഇത് ഞങ്ങളുടെ വൈദഗ്ധ്യത്തിൻറെയും തെളിയിക്കപ്പെട്ട ട്രാക്ക് റെക്കോർഡിൻറെയും പ്രതിഫലനമാണെന്നും അദ്ദേഹം പറഞ്ഞു.മണ്ണ്, പാറ, സിമൻറ്, ഫ്ളൈ ആഷ്, സ്റ്റീൽ, വെള്ളം, കോൺക്രീറ്റ്, കൽപ്പണിക്കുള്ള ബ്ലോക്കുകൾ, കളിമൺ റൂഫ് ടൈലുകൾ, തടി, പ്ലൈവുഡ്, സെറാമിക് ടൈലുകൾ, ടൈൽ പശകൾ, പ്രകൃതി ദത്ത കല്ലുകളായ ഗ്രാനൈറ്റ്, മാർബിൾ എന്നിവയും ജിയോ ടെക്സ്റ്റൈൽസ്, തെർമോ പ്ലാസ്റ്റിക് പൈപ്പുകളും ഫിറ്റിംഗുകളും, ജലവിതരണത്തിനുള്ള ഹൈഡെൻസിറ്റി പോളി എഥിലീൻ പൈപ്പുകൾ, ബിറ്റുമെൻ തുടങ്ങിയവ ലാബിൽ പരിശോധിക്കാം. കോൺക്രീറ്റ്, അസ്ഫാൾട്ട് മിക്സ് ഡിസൈനുകൾ, കോൺക്രീറ്റ് ഡ്യൂറബിലിറ്റി ടെസ്റ്റുകൾ, മണ്ണ് പരിശോധന, കോൺക്രീറ്റ് ഘടനകളുടെ ആരോഗ്യം നിരീക്ഷിക്കൽ എന്നിവയ്ക്കൊപ്പം പ്രത്യേക ഫീൽഡ് ടെസ്റ്റുകളും ഇവിടെ നടത്താനാകും.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com